കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ ഓഡിറ്റ് കാര്യാലയം

## പാലക്കാട്

www.lfa.kerala.gov.in

# കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

E-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നമ്പർ കെ.എസ്.എ-പികെഡി9-424/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്,

തീയതി: 26.04.2019.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :- കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുമരംപുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1),

1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നമ്പർ കെ.എസ്.എ-പികെഡി9-424/2019 തിയ്യതി: 26.04.2019.

## പാലക്കാട് ജില്ലയിലെ കുമരംപുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ കുമരംപുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 29.6.2017മുതൽ 13.3.2019 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | മേരി ഹണി ജോസഫ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14-3-2019 മുതൽ 25-3-2019 വരെ വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീമതി. സുജാത.പി | ഓഡിറ്റ്ഓഫീസർ |
| 2 | ശ്രീമതി .സുസ്മിത.കെ.വി | അസി.ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീമതി.രമാദേവി.കെ.ആർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 4 | ശ്രീ ഗോകുൽ .സി.എം | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. മുഹമ്മദ് ഹുസൈൻ | 1-4-2017 മുതൽ 31-3-2018 വരെ |
| സെക്രട്ടറി | ശ്രീമതി.ഏലിയാമ്മ സെബാസ്റ്റ്യൻ | 1-4-2017 മുതൽ 15-4-2017 വരെ |
| | ശ്രീ.മധു.സി.ആർ | 16-4-2017മുതൽ 11.07.2017വരെ |
| | ശ്രീ.അശോക്കുമാർ.സി | 12.07.2017മുതൽ 31-3-2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.നീതു.എൻ.എസ് | 1-4-2017മുതൽ 31.07.2017വരെ |
| | ശ്രീമതി.ശാന്തിനി | 1-08-2017 മുതൽ 7-11-2017 വരെ |
| | ശ്രീമതി.ശാന്തി എലിസബത്ത് കുര്യൻ | 8.11.2017 മുതൽ 31-3-2018 വരെ |
| വി.ഇ.ഒ - 1 | ശ്രീ.സന്തോഷ്കുമാർ. കെ.വി | 1-4-2017മുതൽ 30-7-2017 വരെ |
| | ശ്രീ.ആദർശ് എബ്രഹാം | 31-7-2017മുതൽ 31-3-2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സ്മിത.എം. ഇ | 1-4-2017മുതൽ 6-12-2017 വരെ |

| | | |
|---|---|---|
| | | |
| | ശ്രീമതി.ശ്രീലത.കെ | 7-12-2017മുതൽ 31-3-2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.അജിത്ത്. യു | 1-4-2017 മുതൽ 11-09-2017 വരെ |
| | ശ്രീമതി.സിനി.ബി.എസ് | 11-09-2017 മുതൽ വരെ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ-PHC | ഡോ.പ്രീതി.വി,ആർ | 1-4-2017 മുതൽ വരെ 31-3-2018 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.മീര | 1-4-2017 മുതൽ 31-3-2018 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.ബിനി.ജോയ് | 1-4-2017 മുതൽ 31-03-2018 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.രാജഗോപാലൻ.എ | 1-4-2017 മുതൽ മുതൽ 31-3-18 |
| അസി.സെക്രട്ടറി | ശ്രീ.മധു | 1-4-2017 മുതൽ 31-3-18 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ജാക്വിലിൻ | 1-4-2017 മുതൽ 8-5-2017 വരെ<br>15.7.2017 മുതൽ 17.7.2017 |
| | ശ്രീമതി.രശ്മി.കെ.ജി | 8-5-2017 മുതൽ 15.7.2017 |
| | ശ്രീമതി.പ്രിയ.പി | 17.7.17 മുതൽ 31.3.18 |

# ഭാഗം 1

## പൊതു അവലോകനം

# 1-1 ബജറ്റ്

ഓഡിറ്റ് വർഷം ബജറ്റ് തയ്യാറാക്കിയതിന്റെയും അംഗീകരിച്ചതിന്റെയും വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| വർഷം | അംഗീകരിച്ച തിയ്യതി/തീരുമാനം | സപ്ലിമെന്ററി ബജറ്റ് പാസ്സാക്കിയതിന്റെ വിശദാംശം |
|---|---|---|
| 2017-18 | 29-03-2017 തിയതിയിലെ 1ാം നമ്പർ തീരുമാനം | ഇല്ല |

# 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31-7-2018 | 10-05-2018 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 27.6.2018 മുതൽ 28.6.2018 വരെ | നം.കെ.എസ്.എ-പികെഡി /1904(30)/ 2018 തിയതി: 29-8-2018 |

# 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്- 8843646

വരവ് -65589995

ആകെ -74433641

ചെലവ് -67384660

നീക്കിയിരിപ്പ് -7048981

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | സി.ബി (ലാപ്സായ തുക) |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 15825000 | 15825000 | 13317837 | 2507163 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 9707121 | 9707121 | 8899767 | 807354 |
| `വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 287883 | 287883 | 262869 | 25014 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 10476000 | 10476000 | 10465840 | 10160 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3493000 | 3493000 | 2924975 | 568025 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 7431622 | 7431622 | 3323030 | 4108592 |
| എം.ജി. എൻ.ആർ.ഇ .ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 14614575 | 14614575 | 14614575 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 83094 | 1264672 | 1347766 | 1340162 | 7604 |
| എസ്.എസ്.എ | | 13959 | 532 | 14491 | 0 | 14491 |
| ശുചിത്വ മിഷൻ | | 0 | 671484 | 671484 | 101484 | 570000 |

| | | | | | | |
|---|---|---|---|---|---|---|
| ഐ.സി.ഡി.എസ് കേന്ദ്രവിഹിതം | | 172705 | 1081253 | 1253958 | 472900 | 781058 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 30 | 773202 | 773232 | 1223229 | -449997 |
| | ജില്ലാ പഞ്ചായത്ത് | 0 | 600000 | 600000 | 600000 | 0 |
| വിവാഹ ധനസഹായം | | | 120000 | 120000 | 120000 | 120000 |
| സാക്ഷരത | | 112220 | 4009 | 116229 | 12000 | 104229 |
| ബി ഫണ്ട് - തൊഴിലില്ലായ്മ വേതനം | | 0 | 85800 | 85800 | 85800 | 85800 |
| കൃഷി ( ഉൽപാദന ബോണസ്) | | 0 | 33410 | 33410 | 33410 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് (ട്രഷറി ടി.എസ്.ബി) * | | 2020126 | 10434000 | 10434000 | 9779340 | 654660 |
| തനത് ഫണ്ട് | | 6567467 | 13093075 | 19660542 | 12945200 | 6715342 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|
| 231 | 86320106 | 133 | 42730960 | 50% |

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 5 | 2459760 | 975619 | 39.66 |
| വി.ഇ.ഒ | 24 | 19 | 11854340 | 7142126 | 60.25 |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 4 | 5312705 | 4431679 | 83.42 |
| സെക്രട്ടറി | 26 | 10 | 8928415 | 4705963 | 52.71 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 120 | 53 | 40109296 | 15142282 | 37.75 |
| മെഡിക്കൽ ഓഫീസർ-PHC | 6 | 6 | 1379300 | 1356089 | 98.32 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 400000 | 376500 | 94.13 |
| വെറ്ററിനറി സർജ്ജൻ | 7 | 7 | 5371000 | 2209750 | 41.14 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 400000 | 300000 | 75 |
| എച്ച്.എം | 10 | 9 | 3240000 | 2229370 | 69 |
| അസിസ്റ്റന്റ് സെക്രട്ടറി | 22 | 17 | 6865290 | 3861582 | 56 |
| ആകെ | 231 | 133 | 86320106 | 42730960 | 50 |

# 1-7 തൊഴിലുറപ്പ് പദ്ധതി

| | | | | | | |
|---|---|---|---|---|---|---|
| എം.ജി. എൻ.ആർ.ഇ .ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 14614575 | 14614575 | 14614575 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 83094 | 1264672 | 1347766 | 1340162 | 7604 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1270100 | 538 |
| വിധവാ പെൻഷൻ | 6097500 | 1389 |
| വാർദ്ധക്യകാല പെൻഷൻ | 5882200 | 1733 |
| വികലാംഗ പെൻഷൻ | 1094100 | 370 |

| | | |
|---|---|---|
| തൊഴിലില്ലായ്മ വേതനം | 85800 | 193 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.03.2019ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹94494/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തര നിയന്ത്രണം

ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ കൃത്യമായി നടക്കുന്ന രീതിയിൽ ജീവനക്കാരെ വിന്യസിക്കുന്നതിൽ ശ്രദ്ധ പതിപ്പിച്ചിട്ടുണ്ട്.

രസീത് വഴിയുള്ള പണം വരവ്, അതിന്റെ അടവ് എന്നിവ ചട്ടപ്രകാരം നടക്കുന്നുണ്ട് എന്ന് ബന്ധപ്പെട്ട നിയന്ത്രണാധികാരികൾ ഉറപ്പുവരുത്തേണ്ടതാണ്. സാംഖ്യ പ്രകാരമുള്ള കണക്കുകൾ പ്രതിമാസം റീകൺസൈൽ ചെയ്ത് വരവ്- ചെലവ് അനുപാതവും നീക്കിയിരുപ്പിന്റെ കൃത്യതയും ഉറപ്പുവരുത്തുന്നുണ്ട്.

വരവു ചെലവുകൾ അതാതു കാലയളവിൽ തന്നെ അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ടെന്നും വാർഷിക കണക്കിൽ പ്രതിഫലിക്കുന്നുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പു വരുത്തേണ്ടതാണ്.

പഞ്ചായത്തിന്റെ വസ്തുനികുതിയുടെ ഡി.സി.ബി. കണക്കുകൾ സഞ്ചയയിലുള്ളതും സാംഖ്യയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. സഞ്ചയ സോഫ്റ്റ് വെയറിലെ അപാകതകളാണ് ഇതിന് കാരണം. വസ്തു നികുതി കുടിശ്ശിക ഇനത്തിൽ 27 ലക്ഷത്തോളം രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. കുടിശ്ശിക തുക പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പൊതു തെരഞ്ഞെടുപ്പ് കഴിഞ്ഞ് പഞ്ചായത്ത് രൂപീകരിക്കപ്പെട്ടശേഷം, ആറു മാസത്തിനുള്ളിൽ പൗരാവകാശ രേഖ പ്രസിദ്ധീകരിക്കണം. എന്നാൽ ഓഡിറ്റ് കാലയളവു വരെ പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല.

ലഭിക്കുന്ന തപാലുകൾ മുഴുവൻ പേഴ്സണൽ രജിസ്റ്ററുകളിൽ ചേർക്കുന്നില്ല. അതിനാൽ സമയബന്ധിതമായി തപാലുകൾ തീർപ്പാകുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ സാധിക്കുന്നില്ല.

പഞ്ചായത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ നികുതി നിർദേശങ്ങളോ, അതുമായി ബന്ധപ്പെട്ട ചർച്ചകളോ ഒന്നും തന്നെ ധനകാര്യ സ്റ്റാന്റിംഗ്

കമ്മറ്റിയിൽ വന്നിട്ടില്ല. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനായും നികുതി-നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്.

ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കുന്നില്ല.

ജനങ്ങൾക്ക് നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനായി ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല. തൻവർഷം ഈ ആവശ്യത്തിനായി ഗ്രാമപഞ്ചായത്ത് പ്രൊജക്ടുകൾ ആവിഷ്കരിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.2.2019-13.2.19 | 1/2019 | 13.2.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.4.10–22.4.2010 | 2009-10 | 28.5.2010 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.പ്രസ്തുത സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ-

1. ജോയിന്റ് വെൻച്വർ അക്കൗണ്ട് -ചെലവ് തുകകൾ ജോയിന്റ് വെൻച്വർ അക്കൗണ്ടിൽ നിന്നും കുറവ് ചെയ്തിട്ടില്ല. ബാലൻസ് ഷീറ്റിലെ നീക്കിയിരുപ്പുമായും പൊരുത്തപ്പെടുന്നില്ല.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീതി പിരിവ്,ഒടുക്ക് എന്നിവയിലെ അപാകതകൾ

2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് നടത്തിയ രസീതി

പിരിവ്,ഒടുക്ക് എന്നിവയുടെ പരിശോധന വേളയിൽ കണ്ടെത്തിയ ന്യൂനതകൾ ചുവടെ ചേർക്കുന്നു.

എ. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 20(1 സി) പ്രകാരം കയ്യെഴുത്ത് സമ്പ്രദായത്തിൽ നൽകുന്ന രസീതുകളുടെ അസ്സൽ ഓഫീസിൽ സൂക്ഷിക്കേണ്ടതും ഡ്യൂപ്ലിക്കേറ്റ് പണം നൽകിയ ആൾക്ക് നൽകേണ്ടതുമാണ്. എന്നാൽ വി.ഇ.ഒ ഉപയോഗിച്ച 34083 നമ്പർ രസീതി പുസ്തകത്തിലെ 4 മുതൽ 35 വരെയുള്ള രസീതുകളുടെ അസ്സൽ പണം നൽകിയ വ്യക്തികൾക്ക് നൽകുകയും പകർപ്പ് കൈവശം സൂക്ഷിച്ചിരിക്കുകയുമാണ്.

ബി. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ ചട്ടം 4(3) പ്രകാരം അക്കൗണ്ട് പുസ്തകങ്ങൾ പഞ്ചായത്ത് സെക്രട്ടറിയോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഓരോ പുസ്തകത്തിന്റെയും താളുകൾ എണ്ണി തിട്ടപ്പെടുത്തി അവസാനത്തെ പേജിൽ സാക്ഷ്യപത്രം രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ രസീതി പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം നിർവ്വഹണോദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവർക്ക് ഇഷ്യൂ ചെയ്തിട്ടുള്ള രസീതി പുസ്തകങ്ങളിലൊന്നും സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

സി. 34088 നമ്പർ രസീതി പുസ്തകത്തിന്റെ കളക്ഷൻ രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ഡി. ഫ്രണ്ട് ഓഫീസിലെ രസീതി പുസ്തകങ്ങളുടെ (നം.11432,11436,11437) കളക്ഷൻ രജിസ്റ്ററുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അതിനാൽ തുക ഒടുക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ക്രമനം. (സി), (ഡി) എന്നിവയിൽ പരാമർശിച്ച കളക്ഷൻ രജിസ്റ്ററുകൾ,രസീതി ബുക്കുകൾ അനുബന്ധ രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

മേൽ വിഷയങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 2-2 തൊഴിൽ നികുതി & സ്ഥാപനനികുതി ഈടാക്കിയിട്ടില്ല

2017 – 18 സാമ്പത്തിക വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് തൊഴിൽ നികുതി രജിസ്റ്റർ, അർദ്ധ വാർഷിക വരുമാന പത്രികകൾ എന്നിവയുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

<u>തൊഴിൽ നികുതി</u>

എ. താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഒന്നാം അർദ്ധവർഷത്തിലെ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | കുമരംപുത്തൂർ കോ ഓപ്പറേറ്റീവ് സൊസൈറ്റി |
| 2 | കുമരംപുത്തൂർ പോസ്റ്റ് ഓഫീസ് |

ബി. തൊഴിൽ നികുതി ചട്ടങ്ങൾ 3(2)-3(11), കേരള പഞ്ചായത്ത്‌രാജ് ആക്ട് 11എ(1) എന്നിവ പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം പഞ്ചായത്ത് പരിധിയിൽ തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകും. എൽ.എസ്.ജി.ഡി. സെക്ഷനിലെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതു പ്രകാരം 2017-18 വർഷത്തിൽ താഴെ സൂചിപ്പിക്കുന്ന 6 കരാറുകാർ പഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ട് മരാമത്ത് പ്രവർത്തികൾ ചെയ്തിട്ടുള്ളതാകുന്നു. ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. അഷ്റഫ്. പി
2. ജംഷീദ്. കെ
3. മുഹമ്മദാലി. പി
4. അൻസാർ. എ
5. ഷറഫുദ്ദീൻ അലി
6. എം.കെ. യാക്കൂബ്

സി. കുമരംപുത്തൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ 3 ശാഖകളിൽ കുമരംപുത്തൂർ ശാഖയിൽ നിന്നു മാത്രമാണ് സ്ഥാപനനികുതി ഈടാക്കിയിട്ടുള്ളത്. ചങ്ങലീരി, പയ്യനെടം ശാഖകളിൽ നിന്നും സ്ഥാപനനികുതി ഈടാക്കിയിട്ടില്ല..

ഡി. ചങ്ങലീരി പോസ്റ്റ് ഓഫീസിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേണുകൾ അപൂർണ്ണമായതിനാൽ (അർദ്ധ വാർഷിക വരുമാനം സംബന്ധിച്ച് വ്യക്തതയില്ല) നികുതി ഒടുക്കിയതു സംബന്ധിച്ച വിവരങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല. നികുതി ഒടുക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.14 /23-03-2019) 2017-18 വർഷം നികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥരായ ഉദ്യോഗസ്ഥരുടെ വിവരം ആവശ്യപ്പെട്ടു കത്ത് നൽകിയിട്ടുണ്ട് എന്ന്

മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഇ. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 3 ഓഡിറ്റോറിയങ്ങളിലെ (ജാസ് ഓഡിറ്റോറിയം, എ.എസ്. ഓഡിറ്റോറിയം, എം.ആർ.ഓഡിറ്റോറിയം) ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഈടാക്കിയിട്ടില്ല.

എഫ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള വിവരങ്ങൾ ട്രേഡേഴ്സ് ലിസ്റ്റ് ലഭ്യമല്ല. ഡി & ഒ രജിസ്റ്റർ പ്രകാരം ലൈസൻസ് ഫീ അടവാക്കിയ 231 സ്ഥാപനങ്ങളുടെ വിവരം മാത്രമേ രജിസ്റ്ററിൽ ലഭ്യമായിട്ടുള്ളൂ. സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം വാണിജ്യ-വ്യാവസായിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 1282 കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുണ്ട്. ഇക്കാരണത്താൽ എല്ലാ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് അറിയാൻ സാധിക്കുന്നില്ല. വിഷയം പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

എച്ച്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്തു പരിധിയിൽ 7 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തു പരിധിയിലുള്ള റേഷൻ കട വ്യാപാരികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10, (ഫോം 6) പ്രകാരമുള്ള ഡിമാന്റ് നോട്ടീസ് വ്യാപാരികൾക്ക് നൽകുകയോ, വ്യാപാരികൾ ഫോം 4 ൽ റിട്ടേണുകൾ സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

മേൽ പറഞ്ഞ സ്ഥാപനങ്ങൾ/വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസ്-അപേക്ഷകൾ പൂർണ്ണമല്ല

2017 – 18 സാമ്പത്തിക വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് ഡി & ഒ ലൈസൻസ് പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

എ). ഡി ആന്റ് ഒ ലൈസൻസ് അപേക്ഷകൾ അപൂർണ്ണം

2017 – 18 സാമ്പത്തിക വർഷത്തെ ഡി ആന്റ് ഒ ലൈസൻസ് അപേക്ഷകളിൽ സ്ഥാപനത്തിലെ ആകെ ജോലിക്കാരുടെ എണ്ണം, ഒരു ദിവസത്തെ വിറ്റു വരവ്, അപേക്ഷകനെക്കുറിച്ചുള്ള അന്വേഷണ റിപ്പോർട്ട്, സെക്ഷൻ ക്ലാർക്ക്/സൂപ്രണ്ട് എന്നിവരുടെ ശുപാർശ എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

ബി). ഡി ആന്റ് ഒ ലൈസൻസ് അപേക്ഷകളിൽ പഞ്ചായത്ത് സെക്രട്ടറി ഒപ്പും തീയതിയും രേഖപ്പെടുത്തിയിട്ടില്ല.

സി). 31.10.2017 തിയതിയിലെ ജി.ഒ(പി) നം.80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ നം. 674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്കുള്ള ഭേദഗതി ചട്ടം അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നീ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഫീസ് ഈടാക്കിയിട്ടില്ല. 2018-19 ൽ മുൻകൂർ ആയി ലൈസൻസ് അനുവദിക്കുന്ന സമയത്തും പഴയ നിരക്കിലുള്ള തുകയാണ് ഈടാക്കിയിട്ടുള്ളത്.

ഡി). താഴെ പറയുന്ന വ്യക്തികളുടെ ഡി & ഒ ലൈസൻസ് സംബന്ധിച്ച അപേക്ഷകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

| രജിസ്റ്ററിലെ ക്രമ നമ്പർ | പേര് | ഈടാക്കിയ ലൈസൻസ് ഫീ | നടത്തുന്ന സ്ഥാപനം |
|---|---|---|---|
| 55 | പ്രസന്നൻ നായർ | 50 | രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല |
| 86 | ഐഷാബി | 100 | അക്യൂപങ്ചർ യൂണിറ്റ് |
| 87 | ജോബിൻ ജോയ് | 300 | രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല |

വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.07/19-03-2019) മറുപടി നൽകിയിട്ടില്ല.

ഇ. വസ്തു നികുതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം വാണിജ്യ-വ്യാവസായിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 1282 കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുണ്ട്. 2017-18 വർഷത്തെ ഡി&ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പ്രകാരം 231 സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. 80% സ്ഥാപനങ്ങളും ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി വിലയിരുത്തുന്നു.

എഫ്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകളൊന്നും തന്നെ ലൈസൻസ് എടുത്തിട്ടില്ല.

ജി. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ള വിവരങ്ങൾ ട്രേഡേഴ്സ് ലിസ്റ്റ് ലഭ്യമല്ല. അതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടാണോ പ്രവർത്തിക്കുന്നത് എന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

മേൽ വിഷയങ്ങൾ പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 വസ്തു നികുതി, വെള്ളക്കരം കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്.

2017-18 വാർഷിക കണക്ക് ബാലൻസ് ഷീറ്റ് അനുസരിച്ച് വസ്തു നികുതിയിനത്തിൽ 2704186 രൂപയും, വെള്ളക്കരമിനത്തിൽ 1209675 രൂപയും കുടിശ്ശികയുണ്ട്.1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്- 243(3) വകുപ്പ് അനുസരിച്ച് യഥാസമയം നടപടി എടുക്കാത്തതുമൂലം പഞ്ചായത്തിന് കിട്ടേണ്ടതായ ഏതെങ്കിലും നികുതിയോ മറ്റ് വരവുകളോ കാലഹരണപ്പെടുകയും പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിക്കുകയും ചെയ്താൽ അത് നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.ആയതിനാൽ യഥാസമയം നികുതി ഈടാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഊർജിത ശ്രമങ്ങൾ നടത്തി വരുമാന നഷ്ടം ഒഴിവാക്കേണ്ടതാണ്. ധനകാര്യ സ്ററാന്റിങ്ങ് കമ്മിറ്റി ഇക്കാര്യത്തിലെ പുരോഗതി വിലയിരുത്തേണ്ടതാണ്. കുടിശ്ശിക ഈടാക്കുന്നതിനായി നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങൾ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിയ്ക്ക്(16/23.3.2019) വസ്തുനികുതി 100% പിരിവ് കൈവരിക്കുന്നതിനുള്ള ലക്ഷ്യത്തിൽ എത്തിച്ചേരുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 2-5 ബിൽഡിങ്ങ് പെർമിറ്റ് - നിയമാനുസൃത രീതിയിൽ ഫീ ഈടാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ 2017-18 വർഷത്തെ ബിൽഡിങ്ങ് പെർമിറ്റ് രജിസ്റ്റർ, പെർമിറ്റ് അപേക്ഷകൾ എന്നിവ പരിശോധിച്ചതിലൂടെ കണ്ടെത്തിയ കാര്യങ്ങൾ താഴെ ചേർക്കുന്നു.

1. സ്റ്റെയർ റൂമിന്റെ വിസ്തീർണം പെർമിറ്റ് അനുവദിക്കുന്നതിൽ വ്യത്യസ്ത രീതിയിലാണ് പരിഗണിച്ചിട്ടുള്ളത്. സ്റ്റെയർ റൂം ഉൾപ്പെടുന്ന സ്ഥലത്തിന്റെ

വിസ്തീർണം മിക്കപ്പോഴും പെർമിറ്റ് ഫീസ് ഈടാക്കുന്നതിനായി പരിഗണിച്ചിട്ടുണ്ട്. ചില അപേക്ഷകളിൽ ഇത് ഒഴിവാക്കിയും പെർമിറ്റ് ഫീസ് വാങ്ങിയിട്ടുണ്ട് .ഉദാഹരണം

1. A3-1482/18,16.3.18(സ്റ്റെയർ റൂം ഉൾപ്പെടുത്തി പെർമിറ്റ് ഫീസ് കണക്കാക്കിയിട്ടുണ്ട്)
2. A3-1706/24.3.18 (പെർമിറ്റ് ഫീസ് കണക്കാക്കിയതിൽ സ്റ്റെയർ റൂം ഉൾപ്പെടുത്തിയിട്ടില്ല.)

2. പോർച്ചിന്റെ വിസ്തീർണ്ണം പെർമിറ്റ് ഫീ ഈടാക്കുമ്പോൾ പരിഗണിക്കേണ്ടതില്ല എന്ന് KPBR 2011 ചട്ടം 8 ൽ നിർദേശമുണ്ട്. 17-18 ൽ A3-4967/17, 13.9.17 നമ്പർ അപേക്ഷയിൽ പോർച്ച് ഉൾപ്പെടുത്തി ഫീസ് കണക്കാക്കിയിട്ടുണ്ട്.

3. കെട്ടിട നിർമാണ പെർമിറ്റ് അപേക്ഷകളിൽ ആവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. ചില പെർമിറ്റ് അപേക്ഷകളിൽ എഫ്.എ.ആർ രേഖപ്പെടുത്തിയിട്ടില്ല.

4. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, ചട്ടം 14,15,16 എന്നിവ പ്രകാരം (കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ, 2017 -ന് അനുസൃതം) കെട്ടിട നിർമ്മാണ പെർമിറ്റിനായുള്ള അപേക്ഷയിന്മേൽ 15 ദിവസത്തിനകം തീർപ്പുകൽപ്പിക്കാത്ത പക്ഷം പെർമിറ്റ് ലഭിച്ചതായി കണക്കാക്കി ചട്ടങ്ങൾക്ക് വിധേയമായി അപേക്ഷകന് നിർമ്മാണം തുടങ്ങാവുന്നതാണ്. 2017-18ൽ ഗ്രാമപഞ്ചായത്ത് പെർമിറ്റുകൾ അനുവദിച്ചിട്ടുള്ളതിൽ ചിലതിൽ സമയപരിധി പാലിച്ചിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെർമിറ്റ് അപേക്ഷാ തിയതി | അപേക്ഷകന്റെ പേര് | പെർമിറ്റ് അനുവദിച്ച തിയതി |
|---|---|---|---|
| 1 | 950/22.2.18 | മുഹമ്മദ് കുട്ടി | 10.4.2018 |
| 2 | 971/23.2.18 | അമ്മാളുകുട്ടി | 3.4.18 |
| 3 | 1377/12.3.18 | ആബിദ | 28.6.18 |
| 4 | 1512/17.3.18 | സുന്ദരൻ | 7.5.18 |
| 5 | 1540/19.3.18 | സൈനുൽആബിദ് | 20.8.18 |
| 6 | 1875/31.3.18 | ബുഷറ | 2.5.18 |

KPBR 2011 ചട്ടങ്ങളിൽ നിർദേശിച്ച പ്രകാരമുള്ള കാര്യങ്ങൾക്ക് ഫീസ് ഈടാക്കുകയും, എല്ലാ അപേക്ഷകളിലും സമയബന്ധിതമായി തുടർനടപടി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 2-6 വസ്തു നികുതിയിന്മേലുള്ള ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും, ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.
2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.
3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.
4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

സേവന ഉപനികുതികൾ ഈടാക്കുന്നതിന്റെ സാധ്യതകൾ പരിശോധിച്ച് നികുതി വരുമാനം ഉറപ്പാക്കേണ്ടതാണ്.

## 2-7 വാടക-ബൈലോ തയ്യാറാക്കേണ്ടതാണ്

കുമരം പുത്തൂർ ഗ്രാമപഞ്ചായത്തിൽ ആകെ 10 മുറികൾ വാടകയ്ക്ക് നല്കിയിട്ടുണ്ട്. വാടകയിനത്തിൽ 2017-18 ൽ ആകെ 32320 വരവുണ്ട്. കുടിശ്ശികയുണ്ടായിരുന്ന 54114 രൂപ 18-19 വർഷത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ പ്രധാന വരവിനമായ വാടക സംബന്ധിച്ച് ബൈലോ തയ്യാറാക്കിയിട്ടില്ല. വാടകയ്ക്ക് നല്കുമ്പോൾ പാലിക്കേണ്ടതായ നിബന്ധനകളെല്ലാം ഉൾപ്പെടുത്തി ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. (എൻക്വയറി 4/15.3.19)

## 2-8 പ്ളാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 - നടപടി സ്വീകരിക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്ളാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ന് 24.9.16 ലെ സർക്കുലറിലൂടെ താഴെ ചേർത്തിട്ടുള്ള മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് .

1. വിൽപന സാധനങ്ങൾ 50മൈക്രോണിൽ കൂടുതലുള്ള ക്യാരി ബാഗുകൾ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂ.
2. വിൽപന സാധനങ്ങൾ പ്ളാസ്റ്റിക് ക്യാരി ബാഗിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവ് കച്ചവടക്കാരും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണം .
3. ഒരു മാസം കുറഞ്ഞത് 4000 രൂപ നിരക്കിൽ ഒരു വർഷത്തേക്ക് 48000 രൂപ പ്ളാസ്റ്റിക്ക് മാലിന്യ പരിപാലന ഫീയായി മേൽപ്രകാരം ഈടാക്കി രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിജ്ഞാപനം , ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.
4. പ്ളാസ്റ്റിക് മാലിന്യത്തിന്റെ തോത് അനുസരിച്ച് കൂടുതൽ മാലിന്യ പരിപാലന ഫീസ് വ്യാപാരികളിൽ നിന്നും ഈടാക്കാവുന്നതാണ്.
5. പ്ളാസ്റ്റിക് ക്യാരി ബാഗുകൾക്ക് ഫീസ് ഈടാക്കുന്നതാണ് എന്നത് വളരെ വ്യക്തമായി രീതിയിൽ കച്ചവട സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കേണ്ടതാണ്.
6. പ്ലാസ്ററിക് മാലിന്യ പരിപാലന ഫീയായി ഈടാക്കുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള സുസ്ഥിര മാലിന്യ പരിപാലന സംവിധാനങ്ങൽക്കായി ഉപയോഗപ്പെടുത്താവുന്നതാണ്

കുമരംപുത്തൂർ ഗ്രാമ പഞ്ചായത്തിൽ പ്ളാസ്റ്റിക്ക് ഉപയോഗം കുറയ്ക്കുന്നതിനായും, മാലിന്യ പരിപാലനം, സംസ്കരണം കാര്യക്ഷമമാക്കുന്നതിനും സ്വീകരിച്ച നടപടികളെക്കുറിച്ച് നല്കിയ എൻക്വയറിയ്ക്ക് മറുപടി ലഭിച്ചിട്ടില്ല.

## 2-9 <u>അസിസ്റ്റന്റ് എഞ്ചിനീയറുടെ പക്കലുള്ള ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റേണ്ടതാണ്</u>

ജില്ലാ പഞ്ചായത്തിൽ നിന്നും ടെണ്ടർ ഫോം വില ഇനത്തിൽ 11.6.2018 വരെ ലഭ്യമായ ₹44573/- അസിസ്റ്റന്റ് എഞ്ചിനീയറുടെ അക്കൗണ്ടിൽ (SBI, കുമരംപുത്തൂർ A/c. No. 37364605862) സൂക്ഷിച്ചിരിക്കുന്നു. തുകകൾ പഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-10 ബഡ്ജറ്റ് നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15-ാം തീയതിക്ക് മുമ്പായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. വകുപ്പ് 214 ഉപവകുപ്പ് 1 (എ) (1) പ്രകാരം സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളേയും ഈ ആക്ടിലെ എല്ലാ ആവശ്യങ്ങളേയും പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അതിൽ നിന്നും പഞ്ചായത്തിന്റെ അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ഒരു ബഡ്ജറ്റ് തയ്യാറാക്കേണ്ടതും അത് പ്രസ്തുത സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച കഴിയുന്നതിനു മുമ്പായി പഞ്ചായത്ത് മുമ്പാകെ, അതിന്റെ ഒരു പ്രത്യേക യോഗത്തിൽ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന വികസന ക്ഷേമപ്രവർത്തനങ്ങൾ സംബന്ധിച്ച ആമുഖ പ്രഖ്യാപനത്തിനുശേഷം, പഞ്ചായത്തിന്റെ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ്.

കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 214 അനുശാസിക്കുന്ന ബജറ്റ് തയ്യാറാക്കലും അനുമതി നൽകലും എന്ന ചട്ടപ്രകാരവും, കേരളത്തിലെ പഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വലിലെ (ജി.ഒ (ആർ.ടി) നം. 3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരം) മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരവുമുള്ള നിർദേശങ്ങളും കുമരംപുത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 ബഡ്ജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ പൂർണ്ണമായും പാലിച്ചിട്ടില്ല എന്ന് കാണ്ടെത്തി.

1. 2017-18 ബജറ്റ് നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട ഫയൽ കൃത്യമായി സൂക്ഷിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി വിവിധ നിർവഹണ ഉദ്യോഗസ്ഥരിൽ നിന്നും റിവൈസ്ഡ് ബഡ്ജറ്റിനുള്ള നിർദ്ദേശങ്ങളും ബജറ്റ് വർഷത്തേക്കുള്ള നിർദ്ദേശങ്ങളും സെക്രട്ടറി ആവശ്യപ്പെട്ടിട്ടില്ല. ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനായി ഡിസംബർ 15 ന മുൻപ് വിവിധ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചു ചേർത്തിട്ടില്ല.
2. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ജനുവരി 22 ന മുമ്പ് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ യോഗം വിളിച്ചു ചേർത്തിട്ടില്ല. സെക്രട്ടറി ഉൾപ്പെടെയുള്ള

ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനമെടുത്തതായി കാണുന്നില്ല.

3. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിച്ച പദ്ധതിയേതര നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് ചെയർമാൻമാർ ഫെബ്രുവരി ഒന്നിന് മുമ്പ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല.
4. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ, ഡി.പി.സി. അംഗീകരിച്ച വാർഷിക പദ്ധതിരേഖ അല്ലെങ്കിൽ ഗ്രാമപഞ്ചായത്തിന്റെ തീരുമാനമനുസരിച്ചുള്ള ഉപ മേഖലാതല വകയിരുത്തൽ എന്നിവ ക്രോഡീകരിച്ച് മാർച്ച് ഒന്നിന് മുമ്പ് കരട് ബജറ്റ് തയ്യാറാക്കിയതായി കാണുന്നില്ല.
5. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമ പഞ്ചാത്തിന്റെ ഒരു പ്രത്യേക യോഗം മാർച്ച് ഏഴിന് മുമ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വിളിച്ച് ചേർത്തിട്ടില്ല.

കുമരംപുത്തൂർ ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ചെയർമാൻമാർ, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവർ നിർദ്ദേശങ്ങൾ, എസ്റ്റിമേറ്റുകൾ എന്നിവ സമർപ്പിച്ചിട്ടില്ലാത്തതിനാലും, നിശ്ചിത സമയക്രമത്തിൻ പ്രകാരം സമർപ്പിച്ചിട്ടില്ലാത്തതിനാലും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് രൂപീകരിച്ചിട്ടുള്ളത് നിർദ്ദേശങ്ങൾ, എസ്റ്റിമേറ്റുകൾ എന്നിവയുടെ അഭാവത്തിലാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

കേരളാ പഞ്ചായത്ത് രാജ് ആക്ടിലെയും, ബജറ്റ് മാന്വലിലെയും നിർദ്ദേശങ്ങൾ, സമയക്രമം എന്നിവ ബഡ്ജറ്റ് രൂപീകരണത്തിൽ പാലിക്കേണ്ടതാണ്. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നിർദ്ദേശങ്ങൾ സമർപ്പിക്കാത്തത് വാർഷിക ബജറ്റിൽ തുക വകയിരുത്താതെ പോകുന്നതിനും ഇടയാക്കുന്നു.(ഓഡിറ്റ് എൻക്വയറി -25/27.3.19)

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ദിവസവേതനക്കാരായ പമ്പ് ഓപ്പറേറ്റർമാർക്ക് ആർജിതാവധി സറണ്ടർ നൽകിയത് അനുവദനീയമല്ല

ഗ്രാമപഞ്ചായത്തിലെ പമ്പ് ഓപ്പറേറ്റർമാരായ ശ്രീ. ഷിബുമോൻ, ശ്രീ. സുനിൽജോർജ്, ശ്രീ.ജോബിൻ.പി.ബി. -വാൾവ് ഓപ്പറേറ്റർ എന്നിവർക്ക് മസ്റ്റർ റോൾ അടിസ്ഥാനമാക്കി 650 രൂപ നിരക്കിൽ ദിവസവേതനം നൽകിയിരുന്നു. സെക്രട്ടറിയുടെ ഉത്തരവ് നമ്പർ A1/26.3.18തിയതി 26.3.18 പ്രകാരം ജീവനക്കാർ 27.11. 2012 മുതൽ കരാർ അടിസ്ഥാനത്തിൽ പമ്പ് / വാൾവ് ഓപ്പറേറ്റർമാരായി തുടർച്ചയായി ജോലി ചെയ്തു വരുന്നതിനാൽ 20 ദിവസം ആർജിതാവധി സറണ്ടർ ചെയ്യാൻ അനുവാദം നൽകിയിട്ടുണ്ട്.

എന്നാൽ ഇവർ കരാർ ജീവനക്കാരാണ് എന്നും തുടർച്ചയായി 27.11.12 മുതൽ ജോലിചെയ്തുവരുന്ന എന്നും രേഖപ്പെടുത്തി വൗച്ചർ നം. 21701082 / 23.3.18 പ്രകാരം 12600 രൂപ വീതം ആർജിതാവധി സറണ്ടർ നൽകിയിട്ടുണ്ട്.
ഓഡിറ്റ് എൻക്വയറി 17/24.3.19 ന് മറുപടിയായി പ്രസ്തുത ജീവനക്കാരെ ഉത്തരവ് നം എ /4782/2010/ 26.12.2012 പ്രകാരം കരാർ ജോലിക്കാരായി നിയമിച്ചതിനാലാണ് സറണ്ടർ നൽകിയത് എന്നാണ് അറിയിച്ചത്. എന്നാൽ പ്രസ്തുത ഉത്തരവിൽ ജീവനക്കാരെ താൽക്കാലികമായി 6 മാസത്തേക്ക് മാത്രം ദിവസവേതനത്തിന് നിയമിച്ചതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ മേൽ പറഞ്ഞ വ്യക്തികളെ 6 മാസത്തേക്ക് ദിവസവേതനാടിസ്ഥാനത്തിൽ 11/2012 ൽ നിയമിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ (2017-18 ഉൾപ്പെടെ) ഇവരെ കരാറടിസ്ഥാനത്തിൽ നിയമിക്കാൻ ഭരണസമിതി തീരുമാനിച്ചതിന്റെയോ കരാർ ചമച്ചതിന്റയൊ രേഖകൾ ഹാജരാക്കിയിട്ടില്ല. ഇവർ ഹാജർ പുസ്തകത്തിൽ ഹാജർ രേഖപ്പെടുത്തുന്നുമില്ല. മസ്റ്റർ റോൾ അടിസ്ഥാനമാക്കിയാണ് വേതനം നൽകുന്നത്.

സർക്കാർ ഉത്തരവ് (പി)28/16/ധനം/26.2.2016 പ്രകാരം സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമായശേഷം മാത്രമേ അംഗീകൃതമല്ലാത്ത തസ്തികകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്താൻ കഴിയുകയുള്ളൂ. പരമാവധി 5 വർഷം വരെ മാത്രമാണ് കരാർ നിയമനം നടത്താവുന്നത്. എന്നാൽ ഗ്രാമപഞ്ചായത്ത് മേൽ വ്യവസ്ഥകളൊന്നും പാലിച്ചിട്ടില്ല.
ദിവസവേതന ജീവനക്കാർക്ക് ആർജിതാവധി സറണ്ടർ അനുവദനീയമല്ലാത്തതിനാൽ സർക്കാരിന്റെ അനുമതി ഇല്ലാതെ പമ്പ് ഓപ്പറേറ്റർമാർക്ക് നൽകിയ ആർജിതാവധി സറണ്ടർ തുകയായ – 3*12600 =37800 രൂപ തടസ്സപ്പെടുത്തുന്നു.

## 3-2 ഡെപ്പോസിറ്റ് പ്രവൃർത്തികൾ- വിനിയോഗവിവരം ലഭ്യമാക്കണം

സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ എന്ന പ്രവൃത്തിക്കായി സെക്രട്ടറി താഴെ പറയും പ്രകാരം 1299900 രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ 29980 രൂപയുടെ വിനിയോഗ

സാക്ഷ്യപത്രം മാത്രമാണ് ലഭിച്ചത്.

| പ്രോജക്ട് നമ്പരും പേരും | അടങ്കൽ | | ചെലവ് തുക | നിർവ്വഹണ എജൻസി |
|---|---|---|---|---|
| 71/18-സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 13,00,000 | 15/27.9.17 | 299980 | അസി.എക്സി. എഞ്ചിനീയർ, |
| | | 16/27.9.17 | 999920 | കെ.എസ്.ഇ.ബി |
| | | | 1299900 | |

ഡെപ്പോസിറ്റ് പ്രവൃത്തികളുടെ നിർവഹണം മോണിറ്റർ ചെയ്യേണ്ടതും കരാർ കാലാവധിക്കകം എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. പ്രവൃത്തി പൂർത്തിയായ ശേഷം ഡെപ്പോസിറ്റ് തുകയുടെ വിനിയോഗവിവരങ്ങൾ ലഭ്യമാക്കി ചെലവഴിക്കാത്ത തുക തിരികെ ഈടാക്കേണ്ടതുമാണ്.

## 3-3 അസാധാരണ ചെലവുകൾ -ചട്ടങ്ങൾ പാലിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് രാജ് (അസാധാരണ ചെലവുകൾ) ചട്ടങ്ങൾ പ്രകാരം അസാധാരണ ചെലവുകൾ നടത്തുവാൻ അനുവദനീയമായ ഇനങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മുൻവർഷത്തെ മിച്ചഫണ്ടിന്റെ 20% വരെ (പരമാവധി 1 ലക്ഷം രൂപ) ആണ് അസാധാരണ ചെലവ് പരിധി. പഞ്ചായത്ത് അസാധാരണ ചെലവ് സംബന്ധിച്ച ഒരു രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇതിൽ ചെലവാക്കിയ തുക, പഞ്ചായത്ത് തീരുമാനം നമ്പർ, തിയതി, ആകെ ചെലവ് തുക എന്നിവ രേഖപ്പെടുത്തണം. ചെലവഴിച്ച തുകയുടെ രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. അസാധാരണ ചെലവുകളുടെ വാർഷിക കണക്ക് പ്രത്യേകമായി ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതാണ്.

അസാധാരണ ചെലവുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടോ എന്നും ചെലവ് പരിധി പാലിക്കുന്നുണ്ടോ എന്നും മേലുദ്യോഗസ്ഥർ പരിശോധിക്കുകയോ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി വിലയിരുത്തുകയോ ചെയ്തിട്ടില്ല എന്ന് പരിശോധനയിൽ കണ്ടെത്തി. 2017-18 വർഷത്തെ തനത്ഫണ്ട് ചെലവ് രേഖകളുടെ പരിശോധനയിൽ അസാധാരണ ചെലവിനങ്ങളുടെ പരിധിയിൽ ഉൾപ്പെടുന്ന തുകകൾ ദൈനംദിന ചെലവായി പരിഗണിക്കുന്നതായി കണ്ടെത്തി. അസാധാരണ ചെലവിന്റെ ഏതാനും

ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു

| വൗച്ചർ നം./ തിയതി | തുക | ചെലവിനം |
|---|---|---|
| 21700215/22.6.17 | 2500 | സ്പോർട്സ് കിറ്റ് വിതരണം |
| 21700589/22.11.17 | 10000 | സി.എച്ച്.സി. കെട്ടിടം ഉത്ഘാടനം |

അസാധാരണ ചെലവ് നടത്തുമ്പോൾ ചട്ടങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-4 ഉപയോഗക്ഷമമല്ലാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകളിൽ വർഷങ്ങളായി ഇടപാടുകളൊന്നും നടത്തുന്നില്ല.

- എസ്.ബി.ഐ പെൻഷൻ -67291312533 അക്കൗണ്ടിൽ 2652 രൂപ നീക്കിയിരുപ്പുണ്ട്. ഏത് ആവശ്യത്തിനായാണ് തുക ലഭ്യമായത് എന്ന് പരിശോധിച്ച് ചെലവഴിക്കാതെ അവശേഷിക്കുന്ന തുക സർക്കാരിന് തിരിച്ചടക്കേണ്ടതാണ്
- വിജയബാങ്ക് - - 202601011000222 – എസ്.എസ്.എ എന്ന സ്കീമിനുള്ള അക്കൗണ്ടിൽ 14491രൂപ നീക്കിയിരുപ്പുണ്ട്. ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരിച്ചടക്കേണ്ടതാണ്
- കുമരംപുത്തൂർ സേവനസഹകരണബാങ്ക് - 07793- സാക്ഷരത പദ്ധതിക്കായുള്ള അക്കൗണ്ടിൽ 104229രൂപ നീക്കിയിരുപ്പുണ്ട്. ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരിച്ചടക്കേണ്ടതാണ്

നിർജ്ജീവമായ അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-5 സ്യൂട്ട് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതാണ്

ഹൈക്കോടതിയിലെ കേസിനായി അഡ്വക്കേറ്റ് ശ്രീ. പി.കെ.മോഹനന്( W.P(C) 3569/17 & 40308/16 ) ചെക്ക് നമ്പർ 86046/16.6.17 പ്രകാരം 10000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ സ്യൂട്ട് രജിസ്റ്ററിൽ കേസ് സംബന്ധിച്ച വിവരങ്ങളോ ചെലവ്

വിവരമോ രേഖപ്പെടുത്തിയിട്ടില്ല.സ്യൂട്ട് രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തി കാലികമാക്കേണ്ടതാണ്.

## 3-6 മഴക്കാല പൂർവ്വ ശുചീകരണം - വിനിയോഗരേഖകൾ ലഭ്യമാക്കേണ്ടതാണ്.

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ശുചിത്വമിഷന്റെ നിർദേശപ്രകാരം 18 വാർഡിന് ആകെ 101484 രൂപ (ഒരു വാർഡിന് 5638 രൂപ നിരക്കിൽ) വാർഡ് തല സമിതികൾക്ക് നൽകിയിട്ടുണ്ട്. (ചെക്ക് 86039/14.6.17). ദാരിദ്രനിർമാർജനവിഭാഗം പ്രൊജക്ട് ഓഫീസറുടെ ഉത്തരവ് പ്രകാരം ഭരണസമിതി അംഗീകരിച്ച വാർഡ് തല സൂക്ഷ്മകർമ്മപദ്ധതി രേഖ നടപ്പിലാക്കുന്നതിനായാണ് തുക അനുവദിക്കുന്നത്. സർക്കുലർ നമ്പർ -201/D.C.1/16/LSGD dt 1.4.16 പ്രകാരം കാംപൈൻ കഴിഞ്ഞ് ഒരാഴ്ചക്കകം വിനിയോഗരേഖകൾ (ഒറിജിനൽ വൗച്ചർ) സെക്രട്ടറി വാങ്ങി സൂക്ഷിക്കേണ്ടതാണ്. വാർഡ് തലസമിതികളിൽ നിന്നും ചെലവ് രേഖകൾ വൗച്ചറിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. ചെലവ് രേഖകൾ ലഭ്യമാക്കുന്നതുവരെ ചെലവ് തുക 101484 രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല

സ.ഉ(പി)നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതുമാണ്. പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽകൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ കരാറുകാരൻ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ടെണ്ടർ അംഗീകരി | എഗ്രിമെന്റ് തീയതി/ | ഈടാക്കേണ്ടിയിരുന്ന |
|---|---|---|---|---|

| | പി.എ.സി | ച്ചത് | കരാറുകാരൻ | പിഴ (1%) |
|---|---|---|---|---|
| 1 | 149/18 -ചേന്നേങ്ങലം മേനോൻ പടി റോഡ് കോൺക്രീറ്റ്<br>₹179000/- | 12.12.17 | 50/10.1.18<br>ശ്രീ.ഷറഫുദ്ദീൻ അലി | 1790 |
| 2 | 155/18- കെ.പി.മജീദ് റോഡ് ടാറിംഗ്<br>₹205000/- | 12.12.17 | 54/10.1.18<br>ശ്രീ.ഷറഫുദ്ദീൻ അലി | 2050 |
| 3 | 156/18 - ചെറോട്ടി കന്മദപ്പാറ റോഡ് ടാറിംഗ്<br>₹180000/- | 12.12.17 | 51/10.1.18<br>ശ്രീ.ഷറഫുദ്ദീൻ അലി | 1800 |
| 4 | 161/18 - അമ്പലപ്പറമ്പ് കോളനി റോഡ് റീടാറിംഗ്<br>₹265000/- | 12.12.17 | 55/10.1.18<br>ശ്രീ.ഷറഫുദ്ദീൻ അലി | 2650 |
| 5 | 163/18 - ഞെട്ടരക്കടവ് കുന്തിപ്പുഴ റോഡ് ടാറിംഗ്<br>₹350000/- | 12.12.17 | 53/10.1.18<br>ശ്രീ.ഷറഫുദ്ദീൻ അലി | 3500 |
| 6 | 164/18 -വേണ്ടാംകുറുശ്ശി അംഗൻവാടി റോഡ് ടാറിംഗ്<br>₹365000/- | 12.12.17 | 58/10.1.18<br>ശ്രീ.ഷറഫുദ്ദീൻ അലി | 3650 |
| 7 | 193/18- ഒടയഞ്ചേരിക്കാവ് റോഡ് റീടാറിംഗ്<br>₹135000/- | 12.12.17 | 52/10.1.18<br>ശ്രീ.ഷറഫുദ്ദീൻ അലി | 1350 |
| 8 | 206/18 - ചെട്ടിപ്പാടം റോഡ് കോൺക്രീറ്റ്<br>₹250000/- | 12.12.17 | 57/10.1.18<br>ശ്രീ.ഷറഫുദ്ദീൻ അലി | 2500 |
| 9 | 208/18 - പള്ളിപ്പടി ആലക്കുന്ന് തെക്ക്ഭാഗം റോഡ് കോൺക്രീറ്റ്<br>₹125000/- | 12.12.17 | 56/10.1.18<br>ശ്രീ.ഷറഫുദ്ദീൻ അലി | 1250 |

| | | | | |
|---|---|---|---|---|
| 10 | 211/18 - നരസിംഹമൂർത്തി ക്ഷേത്രം റോഡ് കോൺക്രീറ്റ് ₹220000 | 12.12.17 | 59/10.1.18 ശ്രീ.ഷറഫുദ്ദീൻ അലി | 2200 |
| 11 | - പുതുക്കുടി ലിഫ്റ്റ് ഇറിഗേഷൻ റോഡ് ടാറിംഗ് ₹998980.22/- | 15.2.18 | 67/19.3.18 ശ്രീ.അൻസാർ.എ | 9989 |
| 12 | 192/18 - വളർത്തുകാട് റോഡ് ടാറിംഗ് ₹555000/- | 15.2.18 | 65/14.3.18 ശ്രീ.മുഹമ്മദ് അലി | 5550 |
| 13 | 191/18 - മാത്തിൽകുണ്ട് റോഡ് ടാറിംഗ് ₹775000/- | 15.2.18 | 66/14.3.18 ശ്രീ.മുഹമ്മദ് അലി | 7750 |
| 14 | 153/18 - കഷായപ്പടി ആമക്കുന്ന് അംഗൻവാടി റോഡ് ടാറിംഗ് ₹1139454.03/- | 15.2.18 | 63/13.3.18 ശ്രീ.ജംഷീദ്.കെ | 11394 |
| 15 | 152/18- കുന്നത്തുള്ളി കോളനി റോഡ് ₹687976.14 | 15.2.18 | 64/13.3.18 ശ്രീ.ജംഷീദ്.കെ | 6879 |
| ആകെ | | | | 64302 |

ഈടാക്കുവാൻ വിട്ടുപോയ ആകെ പിഴ ₹.64302/- കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8/22.3.19ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. നടപടിക്രമങ്ങൾ സമയപരിധിക്കകം പൂർത്തീകരിക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## **3-8** പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ പിഴ ഈടാക്കിയില്ല

2011 ലെ കേരള പി.ഡബ്ള്യു.ഡി മാന്വലിലെ ഖണ്ഡിക 2112 പ്രകാരം അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി

വരെ ദീർഘിപ്പിച്ച നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ച നൽകാവുന്നതല്ല.

മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ച നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്.

കരാർ കാലാവധി തീരുന്നതിനു മുമ്പ് കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്. കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള പിഴ താഴെ പറയും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 1% കുറഞ്ഞത് 1000/-രൂപ കൂടിയത് 50000/-രൂപയും ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് പി.എ.സിയുടെ 2% കുറഞ്ഞത് 2000 രൂപ കൂടിയത് 100000 രൂപയും ആണ് ഈടാക്കേണ്ട പിഴ.

16-17 വർഷത്തിൽ എഗ്രിമെന്റ് വെക്കുകയും 2017-18 വർഷത്തിൽ പൂർത്തീകരിക്കുകയും ചെയ്ത വിവിധ പ്രവൃത്തികളുടെ കരാറുകാർ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച നൽകുന്നതിനുള്ള അപേക്ഷ പഞ്ചായത്തിന് നൽകിയിട്ടില്ലെന്ന് പരിശോധനയിൽ കണ്ടെത്തി. അത്തരത്തിൽ പിഴ ഈടാക്കാതെ ദീർഘിപ്പിച്ച നൽകിയ പ്രവൃത്തികളുടേയും ഈടാക്കേണ്ടിയിരുന്ന പിഴയുടേയും വിവരം താഴെ ചേർക്കുന്നു.

1. മണ്ണ റോഡ് നാല് സെന്റ് കോളനി റോഡ് റീ ടാറിംഗ് & ടാറിംഗ്

പ്രൊജക്റ്റ്നം. - SO020/18

അടങ്കൽ - ₹.70000 (CFC) +₹.365557(MG(R)

പി.എ.സി.- ₹.433921/-

ചെലവ്- ബിൽ നം -1)31/27.2.18 - തുക – ₹.365557/-

2)32/27.2.18 – തുക -₹.66845/-

----------------

ആകെ -₹.432402/-

=============

കരാറുകാരൻ- ശ്രീ. പി.മുഹമ്മദാലി

എം.ബി - 9/17-18

എഗ്രിമെൻറ് നം- 51/31.3.17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 30.6.17 (3 മാസം) (T.S. പ്രകാരം)

പൂർത്തീകരിച്ച തീയതി- 20.2.18 (അപേക്ഷ ഇല്ല, എ.ഇ സമയം അനുവദിച്ചിട്ടില്ല, സപ്ലി.എഗ്രിമെന്റ് ഇല്ല. )

<u>ഈടാക്കേണ്ട പിഴ</u>
ആദ്യ തവണ- 25%
01.07.2017 മുതൽ 23.07.2017 വരെ-1%=4339.00
രണ്ടാം തവണ-24.07.2017 മുതൽ 19.02.2018 വരെ-2%=8678.00
<u>ആകെ-13017.00</u>
ഈടാക്കിയത് - ഇല്ല

ബാക്കി ഈടാക്കേണ്ടത് - ₹ 13017.00

2. എടേരം പുതുക്കുടി റോഡ് റീടാറിംഗ്

പ്രൊജക്റ്റ്നം. - SO27/18

അടങ്കൽ - ₹.734000(MG(R)

പി.എ.സി.- ₹.733654/-

ചെലവ്- ബിൽ നം -33/27.2.18- തുക – ₹.727874/- കരാറുകാരൻ- ശ്രീ. പി.അഷറഫ്

എം.ബി - 7/17-18

എഗ്രിമെൻറ് നം- 31/31.3.17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 30.9.17 (6 മാസം) (T.S. പ്രകാരം)

പൂർത്തീകരിച്ച തീയതി- 16.2.18 (അപേക്ഷ ഇല്ല, എ.ഇ സമയം അനുവദിച്ചിട്ടില്ല, സപ്ലി.എഗ്രിമെന്റ് ഇല്ല. )

<u>ഈടാക്കേണ്ട പിഴ</u>
ആദ്യ തവണ-01.10.2017 മുതൽ 14.11.2017 വരെ-1%=7336.00
രണ്ടാം തവണ-15.11.2017 മുതൽ 15.02.2018 വരെ-2%=14672.00
<u>ആകെ-22008.00</u>

ഈടാക്കിയത് - ഇല്ല

ബാക്കി ഈടാക്കേണ്ടത് - ₹ 22008.00

3. മാനംകുന്ന് റോഡ് റീ ടാറിംഗ് & ടാറിംഗ്

പ്രൊജക്റ്റ്നം. - SO21/18

അടങ്കൽ - ₹.918000(MG(R)

പി.എ.സി.- ₹.917373/-

ചെലവ്- ബിൽ നം -30/27.2.18- തുക – ₹.900898/- കരാറുകാരൻ- ശ്രീ. പി.മുഹമ്മദാലി

എം.ബി - 8/17-18

എഗ്രിമെൻറ് നം- 29/31.3.17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 30.9.17 (6 മാസം) (T.S. പ്രകാരം)

പൂർത്തീകരിച്ച തീയതി- 16.2.18 (അപേക്ഷ ഇല്ല, എ.ഇ സമയം അനുവദിച്ചിട്ടില്ല, സപ്ലി.എഗ്രിമെന്റ് ഇല്ല. )

ഈടാക്കേണ്ട പിഴ
ആദ്യ തവണ-01.10.2017 മുതൽ 14.11.2017 വരെ-1%=9173.00
രണ്ടാം തവണ-15.11.2017 മുതൽ 15.02.2018 വരെ-2%=18346.00
ആകെ-27519.00

ഈടാക്കിയത് - ഇല്ല

ബാക്കി ഈടാക്കേണ്ടത് - ₹ 27519.00

4. ആസാദ് റോഡ് റീ ടാറിംഗ്

പ്രൊജക്റ്റ്നം. - SO29/18

അടങ്കൽ - ₹.387000(MG(R)

പി.എ.സി.- ₹.386697/-

ചെലവ്- ബിൽ നം -17/14.2.18- തുക – ₹.369836/- കരാറുകാരൻ- ശ്രീ. പി.മുഹമ്മദാലി

എം.ബി - 33/17-18

എഗ്രിമെൻറ് നം- 44/31.3.17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 30.9.17 (6 മാസം) (T.S. പ്രകാരം)

പൂർത്തീകരിച്ച തീയതി- 30.1.18 (അപേക്ഷ ഇല്ല, എ.ഇ സമയം അനുവദിച്ചിട്ടില്ല, സപ്ലി.എഗ്രിമെന്റ് ഇല്ല. )

ഈടാക്കേണ്ട പിഴ
ആദ്യ തവണ-01.04.2017 മുതൽ 14.11.2017 വരെ-1%=3866.00
രണ്ടാം തവണ-15.11.2017 മുതൽ 29.01.2018 വരെ-2%=7732.00
ആകെ-11598.00

ഈടാക്കിയത് - ഇല്ല

ബാക്കി ഈടാക്കേണ്ടത് - ₹ 11598.00

5. ചെറുകര കോളനി റോഡ് പുനരുദ്ധാരണം

പ്രൊജക്റ്റ്നം. - SO12/18

അടങ്കൽ - ₹.280000 (SCP)

പി.എ.സി.- ₹.278929.30/-

ചെലവ്- ബിൽ നം -18/14.2.18- തുക – ₹.275947/- കരാറുകാരൻ- ശ്രീ. കെ.ജംഷീദ്

എം.ബി - 1/17-18

എഗ്രിമെൻറ് നം- 34/31.3.17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 30.9.17 (6 മാസം) (T.S. പ്രകാരം)

പൂർത്തീകരിച്ച തീയതി- 2.2.18 (അപേക്ഷ ഇല്ല, എ.ഇ സമയം അനുവദിച്ചിട്ടില്ല, സപ്ലി.എഗ്രിമെന്റ് ഇല്ല. )

ഈടാക്കേണ്ട പിഴ
ആദ്യ തവണ-01.04.2017 മുതൽ 14.11.2017 വരെ-1%=2789.00
രണ്ടാം തവണ-15.11.2017 മുതൽ 01.02.2018 വരെ-2%=5578.00
ആകെ-8367.00

ഈടാക്കിയത് - ഇല്ല

ബാക്കി ഈടാക്കേണ്ടത് - ₹ 8367.00

6. തച്ചംകോട് കോളനി റോഡ് ടാറിംഗ്

പ്രൊജക്റ്റ്നം. - SO31/18

അടങ്കൽ - ₹.410000 (MG(R)

പി.എ.സി.- ₹.409187.92/-

ചെലവ്- ബിൽ നം -28/27.2.18- തുക – ₹.406883/- കരാറുകാരൻ- ശ്രീ. മുഹമ്മദ് ഇസ്മയിൽ

എം.ബി - 32/17-18

എഗ്രിമെൻറ് നം- 46/31.3.17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 30.6.17 (3 മാസം) (T.S. പ്രകാരം)

പൂർത്തീകരിച്ച തീയതി- 12.2.18 (അപേക്ഷ ഇല്ല, എ.ഇ സമയം അനുവദിച്ചിട്ടില്ല, സപ്ലി.എഗ്രിമെന്റ് ഇല്ല. )

ഈടാക്കേണ്ട പിഴ
ആദ്യ തവണ-01.07.2017 മുതൽ 23.07.2017 വരെ-1%=4068.00
രണ്ടാം തവണ-24.7.2017 മുതൽ 11.02.2018 വരെ-2%=8136.00
ആകെ-12204.00

ഈടാക്കിയത് - ഇല്ല

ബാക്കി ഈടാക്കേണ്ടത് - ₹ 12204.00

7. കോതര റോഡ് റീടാറിംഗ്

പ്രൊജക്റ്റ്നം. - SO19/18

അടങ്കൽ - ₹.200000 (MG(R)

പി.എ.സി.- ₹.199231.97/-

ചെലവ്- ബിൽ നം -12/14.2.18- തുക – ₹.195458/- കരാറുകാരൻ- ശ്രീ. പി.അഷറഫ്

എം.ബി - 25/17-18

എഗ്രിമെൻറ് നം- 39/31.3.17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 30.9.17 (6 മാസം) (T.S. പ്രകാരം)

പൂർത്തീകരിച്ച തീയതി- 2.2.18 (അപേക്ഷ ഇല്ല, എ.ഇ സമയം അനുവദിച്ചിട്ടില്ല, സപ്ലി.എഗ്രിമെന്റിൽ നം. തിയതി ഇല്ല)

ഈടാക്കേണ്ട പിഴ
ആദ്യ തവണ-01.11.2017 മുതൽ 14.11.2017 വരെ-1%=1992.00
രണ്ടാം തവണ-15.11.2017 മുതൽ 01.02.2018 വരെ-2%=3984.00
ആകെ-5976.00

ഈടാക്കിയത് - ഇല്ല

ബാക്കി ഈടാക്കേണ്ടത് - ₹ 5976.00

8. വെള്ളപ്പാടം കഷായപ്പടി റോഡ് റീടാറിംഗ്

പ്രൊജക്റ്റ്നം. - SO16/18

അടങ്കൽ - ₹.393000 (MG(R)

പി.എ.സി.- ₹.392418/-

ചെലവ്- ബിൽ നം -13/14.2.18- തുക – ₹. 386602/- കരാറുകാരൻ- ശ്രീ. പി.അഷറഫ്

എം.ബി - 22/17-18

എഗ്രിമെൻറ് നം- 36/31.3.17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 31.5.17 (2മാസം) (T.S. പ്രകാരം)

പൂർത്തീകരിച്ച തീയതി- 31.1.18 (അപേക്ഷ ഇല്ല, എ.ഇ സമയം അനുവദിച്ചിട്ടില്ല, സപ്ലി.എഗ്രിമെന്റിൽ നം. തിയതി ഇല്ല. )

ഈടാക്കേണ്ട പിഴ
ആദ്യ തവണ-01.04.2017 മുതൽ 15.4.2017 വരെ-1%=3924.00
രണ്ടാം തവണ-16.4.2017 മുതൽ 30.0.2018 വരെ-2%=7848.00
ആകെ-11772.00

ഈടാക്കിയത് - ഇല്ല

ബാക്കി ഈടാക്കേണ്ടത് - ₹ 11772.00

9. ചുള്ളിയോട് പാറ റോഡ് റീടാറിംഗ്

പ്രൊജക്റ്റ്നം. - SO15/18

അടങ്കൽ - ₹.430000 (MG(R)

പി.എ.സി.- ₹.428488.44/-

ചെലവ്- ബിൽ നം -41/28.2.18- തുക – ₹.424525/- കരാറുകാരൻ- ശ്രീ. പി.അഷറഫ്

എം.ബി - 40/17-18

എഗ്രിമെൻറ് നം- 35/3.3.17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 3.9.17 (6മാസം) (T.S. പ്രകാരം)

പൂർത്തീകരിച്ച തീയതി- 16.2.18 (അപേക്ഷ ഇല്ല, എ.ഇ സമയം അനുവദിച്ചിട്ടില്ല, സപ്ലി.എഗ്രിമെന്റിൽ നം., തിയതി ഇല്ല. )

ഈടാക്കേണ്ട പിഴ
ആദ്യ തവണ-01.04.2017 മുതൽ 14.11.2017 വരെ-1%=4284.00
രണ്ടാം തവണ-15.11.2017 മുതൽ 15.02.2018 വരെ-2%=8568.00
ആകെ-12852.00

ഈടാക്കിയത് - ഇല്ല

ബാക്കി ഈടാക്കേണ്ടത് - ₹ 12852.00

10. വാലിപ്പടി ആവണക്കുന്ന് റോഡ് റീടാറിംഗ്

പ്രൊജക്റ്റ്നം. - SO32/18

അടങ്കൽ - ₹.530000 (MG(R)

പി.എ.സി.- ₹.528972.98/-

ചെലവ്- ബിൽ നം. 34/27.2.18- തുക – ₹. 525517/- കരാറുകാരൻ- ശ്രീ. പി.അഷറഫ്

എം.ബി - 2/17-18

എഗ്രിമെൻറ് നം- 33/31.3.17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 30.9.17 (6മാസം) (T.S. പ്രകാരം)

പൂർത്തീകരിച്ച തീയതി- 9.2.18 (അപേക്ഷ ഇല്ല, എ.ഇ സമയം അനുവദിച്ചിട്ടില്ല, സപ്ലി.എഗ്രിമെന്റ് ഇല്ല. )

ഈടാക്കേണ്ട പിഴ

ആദ്യ തവണ-01.04.2017 മുതൽ 14.11.2017 വരെ-1%=5289.00
രണ്ടാം തവണ-15.11.2017 മുതൽ 08.02.2018 വരെ-2%=10578.00
ആകെ-15867.00

ഈടാക്കിയത് - ഇല്ല

ബാക്കി ഈടാക്കേണ്ടത് - ₹ 15867.00

11. പറമ്പുള്ളി ക്രമ്പ് റോഡ് റീടാറിംഗ്

പ്രൊജക്റ്റ്നം. - SO22/18

അടങ്കൽ - ₹.337000 (MG(R)

പി.എ.സി.- ₹.336861.88/-

ചെലവ്- ബിൽ നം -46/22.2.18- തുക – ₹.336488/- കരാറുകാരൻ- ശ്രീ. കെ.ജംഷീദ്

എം.ബി - 10/17-18

എഗ്രിമെൻറ് നം- 40/31.3.17

പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയതി - 30.9.17 (6മാസം) (T.S. പ്രകാരം)

പൂർത്തീകരിച്ച തീയതി- 16.2.18 (അപേക്ഷ ഇല്ല, എ.ഇ സമയം അനുവദിച്ചിട്ടില്ല, സപ്ലി.എഗ്രിമെന്റ് ഇല്ല. )

ഈടാക്കേണ്ട പിഴ
ആദ്യ തവണ-01.04.2017 മുതൽ 14.11.2017 വരെ-1%=3368.00
രണ്ടാം തവണ-15.11.2017 മുതൽ 15.02.2018 വരെ-2%=6736.00
ആകെ-10104.00

ഈടാക്കിയത് - ഇല്ല

ബാക്കി ഈടാക്കേണ്ടത് - ₹ 10104.00

അകെ ഈടാക്കേണ്ട പിഴ - ക്രമനം. (1) +(2) +(3)+(4)+(5)+(6)+(7)+(8)+(9)+(10)+(11)= ₹ 13017 + 22008 + 27519 + 11598 + 8367 + 12204 + 5976 + 11772 + 12852 + 15867 + 10104 = 151284.00

പിഴയിനത്തിൽ മേൽ പ്രകാരം കരാറുകാരിൽ നിന്നും ഈടാക്കേണ്ട ₹ 151284.00 ഈടാക്കി പഞ്ചായത്ത് ഫണ്ടിലൊടുക്കേണ്ടതാണ്.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം. 8/22.3.19ന് പഞ്ചായത്തിൽ

നിന്ന് ടാർ എടുത്ത് കരാറുകാർക്ക് നൽകിയിരുന്നില്ല എന്നും കരാറുകാർ സ്വയം ടാർ എടുത്ത് പ്രവൃത്തി പൂർത്തീകരിക്കാൻ സന്നദ്ധരാവുകയാണുണ്ടായത് എന്നും അതിനാലാണ് കാലതാമസം വന്നതെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. 2017-18 വർഷത്തെ മറ്റു പ്രവൃത്തികളെല്ലാം സമയബന്ധിതമായി പൂർത്തിയാക്കിയതിനാലും മറുപടി സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കാത്തതിനാലും മറുപടി അംഗീകരിക്കാൻ നിർവാഹമില്ല. തുക ഈടാക്കി രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 1997 ലെ കേരള പഞ്ചായത്ത് (പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളിലേയും പുതുക്കിയ പി.ഡബ്ള്യുഡി മാന്വലിലേയും നിബന്ധനകൾ പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-9 പൊതു മരാമത്ത് മേഖലയിലെ പദ്ധതി നിർവഹണം

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ, വകയിരുത്തിയ തുക, നടപ്പാക്കിയ പ്രൊജക്ടുകൾ, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്/ വകയിരുത്തിയത് | നടപ്പാക്കിയത് / ചെലവഴിച്ചത് | നടപ്പാക്കിയതിന്റെ ശതമാനം |
|---|---|---|
| 120 | 53 | 44.16% |
| 40109296 | 15142282 | 37.75% |

അംഗീകാരം കിട്ടിയ പ്രൊജക്ടുകളിൽ 44.16% പ്രൊജക്ടുകൾക്ക് മാത്രമാണ് തൻവർഷം തുക ചെലവഴിക്കാനായത്. വകയിരുത്തിയ തുകയുടെ 37.75% തുക മാത്രമാണ് ചെലവഴിക്കാനും സാധിച്ചിട്ടുള്ളൂ.

വിശദവിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവു ശതമാനം |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം - സാധാരണ വിഹിതം) | 0 | 0 | 0% |
| വികസന ഫണ്ട് (എസ്.സി.പി)10465840 | 2195250 | 1126947 | 51.34% |

| | | | |
|---|---|---|---|
| വികസന ഫണ്ട് (ടി.എസ്.പി) | 343489 | 237869 | 69.25% |
| വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) | 5029524 | 301845 | 6% |
| 10465840വികസന ഫണ്ട് (ലോക ബാങ്ക് സഹായം) | 0 | 0 | % |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 2100000 | 0 | 0 |
| തനതു ഫണ്ട് | 5501143 | 1408477 | 25.60% |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 18970557 | 10465840 | 55.17% |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 3969333 | 1601304 | 40.34% |
| ബ്ളോക്ക് പഞ്ചായത്ത് | 500000 | 0 | 0.00% |
| ജില്ലാ പഞ്ചായത്ത് | 1500000 | 0 | 0.00% |
| ആകെ | 40109296 | 15142282 | 37.75% |

- നടപ്പിലാക്കിയ പദ്ധതികളിൽ 41 പദ്ധതികൾ റോഡ് പ്രവൃത്തികൾ ആണ്. ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ്കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കേണ്ടതാണെന്ന് പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.)72/2017ത.സ്വ.ഭ.വ. തിയതി, 29.3.2017ൽ നിഷ്കർഷിക്കുന്നുണ്ട്. കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കുന്നത് ഫണ്ട് വാർഡ് തലത്തിൽ വിഭജിക്കുന്നതിനും പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിനും ഇടയാക്കുന്നു.

- തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്നും റോഡിതര മെയിന്റനൻസ് ഫണ്ട് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പരിപാലനത്തിന് മുൻഗണന നൽകി വിനിയോഗിക്കുന്നതിനുള്ള പ്രൊജക്ടുകൾ തയ്യാറാക്കണമെന്നും പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

കൂടാതെ 53പദ്ധതികൾ നടപ്പിലാക്കിയതിൽ 8 പ്രൊജക്ടുകൾ മാത്രമാണ് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മെയിന്റനൻസിനായി നടപ്പിലാക്കിയിട്ടുള്ളത്.

പദ്ധതികളുടെ ബാഹുല്യവും കുറഞ്ഞ അടങ്കൽ തുകയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതും വഴി ഘടക സ്ഥാപനങ്ങളുടെ സംരക്ഷണത്തിനുള്ള പ്രൊജക്ടുകൾ നടപ്പിലാക്കാൻ സാധിക്കാതെ വരുന്നു.

- ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
- മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ പരിശോധനയിൽ പൊതുവായി കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.
- പുതുക്കിയ പൊതുമരാമത്ത് മാനുവലിനനുസരിച്ച് എഗ്രിമെന്റ് വ്യവസ്ഥകൾ കാലികമാക്കേണ്ടതാണ്. കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കി, പുതുക്കിയ പൊതുമരാമത്ത് മാനുവലിലെ നിബന്ധനകൾ ഉൾപ്പെടുത്തേണ്ടതാണ്.
- മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ ടെണ്ടർ ഉറപ്പിച്ചതിനുശേഷം കരാറുകാർക്ക് അയക്കുന്ന സെലക്ഷൻ നോട്ടീസ് സൂക്ഷിച്ചിട്ടുണ്ടെങ്കിലും വിവരങ്ങൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല.
- ടെണ്ടർ രജിസ്റ്ററിൽ ടെണ്ടറുകൾ ഭരണ സമിതി അംഗീകരിച്ച തിയതി, തീരുമാനം നമ്പർ തുടങ്ങിയ വിവരങ്ങൾ ചേർക്കുന്നില്ല.
- എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരണത്തീയതി ചേർത്തിട്ടില്ല.
- ടെണ്ടർ ഫോമുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ആവശ്യകത വിലയിരുത്തി പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിനും റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ആസ്തി സംരക്ഷണ പദ്ധതിയും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കി തുടർ വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# 3-10 എ.ബി.സി പദ്ധതി

പ്രൊജക്ട് -നായകളുടെ പ്രജനന നിയന്ത്രണവും വളർത്തുനായകളുടെ പ്രതിരോധകുത്തിവയ്പ്പും- (101/18)

അടങ്കൽ - 200000(പ്ലാൻ)

ചെലവ് - 200000

ബിൽ നമ്പർ - 8/24.1.18

നിർവഹണം -വെറ്റിനറി സർജൻ

നായകളുടെ പ്രജനന നിയന്ത്രണ പദ്ധതി പ്രകാരം സെക്രട്ടറി പദ്ധതി ഫണ്ടിൽ നിന്നും 200000 രൂപ പിൻവലിച്ചിട്ടുണ്ട്. പദ്ധതിയുടെ വിനിയോഗരേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ജില്ലാപഞ്ചായത്തിന്റെ എ.ബി.സി പദ്ധതിയ്ക്കുള്ള നഗരസഭ വിഹിതമായി തുക ജില്ലാപഞ്ചായത്തിന് നൽകിയിട്ടുണ്ട്. തുക വിനിയോഗിച്ച് പദ്ധതി

നടപ്പിലാക്കിയതിന്റെ രേഖകൾ ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. പദ്ധതി നടത്തിപ്പ് വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്യേണ്ടതും പദ്ധതി കാലാവധി കഴിയുമ്പോൾ നിർവഹണ ദ്യോഗസ്ഥൻ വിനിയോഗ സാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കേണ്ടതുമാണ്. വിനിയോഗിക്കാതെ അവശേഷിക്കുന്ന പദ്ധതി ഫണ്ട് തിരികെ ഈടാക്കേണ്ടതുമാണ് (ഓഡിറ്റ് എൻക്വയറി – 24/27.3.19ന് മറുപടി ലഭ്യമായില്ല).

# 3-11 തെരുവ് വിളക്ക് സ്ഥാപിക്കൽ- അധികം തുക നൽകി

പ്രൊജക്റ്റ് – തെരുവ് വിളക്ക് വാങ്ങൽ (50/18)

അടങ്കൽ - 450000(CFC)

ചെലവ് - 441415

ബിൽ നമ്പർ - 5/30.6.2017-424615

8/24.7.2017-16800

നിർവഹണം – സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾക്കായി 18 വാട്ട് LED വിളക്കുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. പദ്ധതി പ്രകാരം 155 LED വിളക്കുകൾ സ്ഥാപിച്ചതിന് ഗ്രീൻ ലീഫ് ടെക്നോളജി എന്ന സ്ഥാപനത്തിന് ആകെ 424615.00 രൂപ നൽകിയിട്ടുണ്ട്. കൂടാതെ കെ.എസ്.ഇ.ബി യ്ക്ക് സൂപ്പർവിഷൻ ചാർജായി 16800.00 രൂപയും നൽകിയിട്ടുണ്ട്. വിളക്കുകൾ സ്ഥാപിക്കുന്നതിനായി 28.3.17 ന് നടത്തിയ ടെണ്ടറിൽ ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ താഴെ ചേർക്കുന്നു.

18 Watt LED streetlight with high power Osram COB LED with mounting bracket bend pipes, clamps, fuse etc.

KSEB Supervision charge, Fixing charge തുടങ്ങിയവ ക്വോട്ട് ചെയ്യുന്ന തുകയിൽ ഉൾപ്പെടണം എന്ന് ടെണ്ടർ നിബന്ധനയിൽ വ്യക്തമാക്കിയിട്ടുണ്ട്.
ടെണ്ടറിൽ രണ്ട് സ്ഥാപനങ്ങൾ പങ്കെടുക്കുകയും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ഗ്രീൻ ലീഫ് ടെക്നോളജിയുടെ ടെണ്ടർ 30.3.17 ലെ ഭരണസമിതി തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തു. നിരക്കിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

18 വാട്ട് LED ലൈറ്റ് (Osram) – 2555

ഇൻസ്റ്റലേഷൻ - 185

ആകെ - 2740

പദ്ധതി നിർവഹണത്തിലെ അപാകതകൾ താഴെ പറയുന്നു

പ്രൊക്യൂർമെന്റ് മാർഗരേഖയിലെ വ്യവസ്ഥ പ്രകാരം ടെണ്ടർ സ്പെസിഫിക്കേഷനിൽ ബ്രാന്റ് നെയിം ഉൾപ്പെടുത്താൻ പാടുള്ളതല്ല. എന്നാൽ ഗ്രാമപഞ്ചായത്ത് Osram എന്ന ബ്രാന്റ് സ്പെസിഫിക്കേഷനിൽ ആവശ്യപ്പെട്ടിരുന്നു. ഓഡിറ്റ് എൻക്വയറി 10/22.3.19 ന് മറുപടിയായി ബ്രാന്റ് നെയിം ഉൾപ്പെടുത്തിയത് ശ്രദ്ധക്കുറവ് കാരണമാണ് എന്നാണ് അറിയിച്ചത്.

ടെണ്ടർ സ്പെസിഫിക്കേഷനിൽ 18 വാട്ട് LED ലൈറ്റാണ് ആവശ്യപ്പെട്ടിരുന്നത്. എന്നാൽ സപ്ലൈ ഓർഡർ ഇൻവോയ്സ് എന്നിവ പ്രകാരം 24 വാട്ട് LED ലൈറ്റാണ് വാങ്ങിയിട്ടുള്ളത്. ടെണ്ടറിൽ ആവശ്യപ്പെട്ട ഇനത്തിൽ മാറ്റം വരുത്തി പർച്ചേസ് നടത്തിയത് ക്രമപ്രകാരമല്ല. 24 watt ലൈറ്റിന് കൂടുതൽ ഗുണമേന്മയും പ്രവർത്തനമികവുമുണ്ടെന്ന് ഗ്രീൻലീഫ് അറിയിച്ചതിനാലാണ് പ്രസ്തുത ഇനം വാങ്ങിയത് എന്ന നിർവഹണഉദ്യോഗസ്ഥന്റെ മറുപടി അംഗീകരിക്കാവുന്നതല്ല.

ടെണ്ടർ നിബന്ധന പ്രകാരം കെ.എസ്.ഇ.ബി. സൂപ്പർവിഷൻ ചാർജ് ഉൾപ്പെട്ട നിരക്കാണ് ക്വോട്ട് ചെയ്യേണ്ടത്. എന്നാൽ ഗ്രീൻ ലീഫ് ടെക്നോളജി ക്വോട്ട് ചെയ്ത നിരക്കിന് (2740) പുറമെ കെ.എസ്.ഇ.ബി. സൂപ്പർവിഷൻ ചാർജായി 16800 രൂപ നിർവഹണഉദ്യോഗസ്ഥൻ വൈദ്യുതിവകുപ്പിൽ വീണ്ടും ഒടുക്കിയിട്ടുണ്ട്. കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്കിൽ ഉൾപ്പെട്ട ഇനമായ സൂപ്പർവിഷൻ ചാർജ് പദ്ധതിഫണ്ടിൽ നിന്നും അധികമായി നൽകിയതിനാൽ പദ്ധതി ഫണ്ടിൽ നിന്നും 16800 രൂപ അധികചെലവുണ്ടായി. ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സൂപ്പർവിഷൻ ചാർജ് ഒടുക്കുവാൻ കരാറുകാർ തയ്യാറാവാത്തതിനാലാണ് പദ്ധതി ഫണ്ടിൽ നിന്നും തുക നൽകിയത് എന്ന മറുപടി അംഗീകരിക്കാവുന്നതല്ല. ടെണ്ടർ നിബന്ധന, കരാർ എന്നിവയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായാണ് കരാർ തുകയിൽ അധികരിച്ച് സൂപ്പർവിഷൻ ചാർജ് നൽകിയത്. അതിനാൽ കരാർ നിരക്കിൽ കൂടുതലായി നൽകിയ 16800 രൂപ ഓഡിറ്റ് നിരാകരിക്കുന്നു. തുക ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-12 തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി

പ്രൊജക്ട് – തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി ( 50/16-17)

അടങ്കൽ - 250000(CFC)

തനത് ഫണ്ട് - 250000

ആകെ - 500000
നിർവഹണം- സെക്രട്ടറി

ചെലവ് - 200000 (2016-17-20.3.17

voucher – 21700364/9.8.17-100000

21700511/26.10.17-100000

19/24.1.18-50000(CFC)

21700694/20.1.18-50000

പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകളുണ്ട്.

1. പദ്ധതിക്കായി ടെണ്ടർ ക്ഷണിച്ചത് (7.11.16)ബൾബ്, ട്യൂബ്, സി.എഫ്.എൽ എന്നിവയുടെ റേറ്റ് ക്വോട്ട് ചെയ്യാനാവശ്യപ്പെട്ടാണ്. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ.സൈനുദ്ധീൻ മാസ് ഇലക്ട്രിക്കൽസുമായി (ബൾബ് - 280, 2*40 വാട്ട് ട്യൂബ് - 550, 2*11 വാട്ട് CFL-885 , 1*85w CFL -1700) 1/30.12.17 നമ്പരായി കരാർ ചമച്ചിട്ടുമുണ്ട്. 15.3.17 ലെ AE, KSEB യുടെ കത്ത് പ്രകാരം 85 watt CFL - 37 എണ്ണവും 22watt CFL(Automatic) 597 എണ്ണവുമാണുള്ളത്.

നിരക്കുകളാണ് ക്വോട്ട് ചെയ്തതും അംഗീകരിച്ചതുമെങ്കിലും റിപ്പയർ ചെയ്ത വിളക്കുകളെ അടിസ്ഥാനമാക്കി തുക നൽകുന്നതിന് പകരം അടങ്കൽ തുകയായ 500000 രൂപ 4 ഗഡുക്കളായി കരാറുകാരന് നൽകുകയാണ് ചെയ്തത്.

2. കരാറുകാരന് തുക നൽകിയപ്പോൾ നിയമാനസൃതം ആദായനികുതി ഈടാക്കിയിട്ടില്ല. 5000 രൂപ ആദായനികുതി കരാറുകാരനിൽ നിന്നും ഈടാക്കി ഒടുക്കേണ്ടതാണ്.

3. കരാറുകാരൻ നൽകിയ ലിസ്റ്റ് പ്രകാരം റിപ്പയർ ചെയ്ത വിളക്കുകളുടെ ആകെ എണ്ണം(1120 (2*11 Watt cfl) & 46 (85 watt CF L)കെ.എസ്.ഇ. ബി.യുടെ കണക്ക് പ്രകാരമുള്ള എണ്ണത്തേക്കാൾ കൂടുതലാണ്.

4. കരാറുകാരൻ സമർപ്പിച്ച റിപ്പയർ ലിസ്റ്റ് പ്രകാരം

ward 1 ലെ POST KKM 105/185 - 18.3.17 ന് 85 watt CFL റിപ്പയർ ചെയ്തു

" - 2.8.17 ന് 22 watt CFL റിപ്പയർ ചെയ്തു

" - 24.10.17 ന് 22 watt CFL റിപ്പയർ ചെയ്തു

" - 15.1.18 ന് 22 watt CFL റിപ്പയർ ചെയ്തു.

ഒരേ പോസ്റ്റിൽ 4 തവണ റിപ്പയർ നടത്തിയതായും ഓരോ തവണയും വ്യത്യസ്ത വിളക്കുകൾ ( 85 watt cfl / 22 watt cfl) റിപ്പയർ ചെയ്തതായുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.
5.പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015-ലെ ജി2-44274/2015 നമ്പർ ഉത്തരവ് പ്രകാരം തെരുവ് വിളക്കുകളുടെ പരിപാലനത്തിന് പൊതു മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം തെരുവ് വിളക്കുകളുടെ പരിപാലനം ചിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിട്ടുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ തരം, എണ്ണം അവ സ്ഥാപിച്ചിട്ടുള്ള പോസ്റ്റ് നമ്പർ ഉൾപ്പടെ വാർഡ് തിരിച്ച് കണക്ക് വൈദ്യുതി ബോർഡിൽ നിന്നും ലഭ്യമാക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
തെരുവ് വിളക്കുകൾക്കുള്ള സ്പെയർ പാർട്ട്സുകളുടെ സ്റ്റോക്ക്, വിനിയോഗ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. തെരുവ് വിളക്കുകളുടെ കൃത്യമായ കണക്കുകൾ സൂക്ഷിക്കാത്തതിനാൽ സ്പെയർപാർട്ട്സുകളുടെ ആവശ്യകത ഉറപ്പാക്കാനാവുന്നില്ല. ഗ്യാരന്റി കാലാവധി കഴിയുന്നതിന് മുൻപ് തന്നെ ബൾബുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നുണ്ടോ എന്നും പരിശോധിക്കുന്നില്ല. കരാറുകാരൻ സമർപ്പിച്ച ബിൽ അടിസ്ഥാനമാക്കി തുക നൽകുകയാണ് ഗ്രാമപഞ്ചായത്ത് ചെയ്തിട്ടുള്ളത്.

ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് സംബന്ധിച്ച പരാതി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ വിളക്കുകൾ പ്രവർത്തിക്കാത്തത് എന്നുമുതൽക്കാണ് എന്നും അവ എന്ന് റിപ്പയർ ചെയ്തു തുടങ്ങിയ വിവരങ്ങളും ലഭ്യമല്ല.

ഓഡിറ്റ് എൻക്വയറി 17/24.3.2019 നുള്ള മറുപടിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണ് എന്നാണ് സെക്രട്ടറി അറിയിച്ചിട്ടുള്ളത്.
ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തെ മുഴവൻ തെരുവു വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കേണ്ടതും, ഇതിന്റെ അടിസ്ഥാനത്തിൽ സ്പെയർ പാർട്സുകൾ വാങ്ങേണ്ടതുമാണ്. ഇലക്ട്രിക്കൽ സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കേണ്ടതും, സ്റ്റോക്ക് രജിസ്റ്ററിൽ സാധനങ്ങളുടെ ഇഷ്യു വിവരം കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. പഞ്ചായത്തിന്റെ അനിവാര്യ ചുമതലയും പ്രധാന ആവർത്തന ചെലവ് ഇനവുമായ തെരുവ് വിളക്കുകളുടെ പരിപാലനം കാര്യക്ഷമവും, സുതാര്യവുമാക്കുന്നതിനാവശ്യമായ സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്. റിപ്പയർ ചെയ്ത തെരുവ് വിളക്കുകളുടെ കൃത്യമായ കണക്കുകളുടേയും വിശദീകരണത്തിന്റേയും അഭാവത്തിൽ 2017-18 ലെ

ചെലവ് തുക 3,00,000.00 തടസ്സപ്പെടുത്തുന്നു.

## 3-13 പാലിയേറ്റീവ് പരിചരണ മാർഗരേഖയിലെ നിർദേശങ്ങൾ പാലിക്കേണ്ടതാണ്

പ്രോജക്റ്റ് -70/18, സാന്ത്വന ശുശ്രൂഷ

അടങ്കൽ - 667000

ചെലവ് –

ബിൽ നമ്പർ - 3 /17-18, 26.8.17, ₹.114060/-

ബിൽ നമ്പർ - 5 /17-18, 31.10.17, ₹.57000/-

ബിൽ നമ്പർ - 7 /17-18, 18.12.17, ₹.62457/-

ബിൽ നമ്പർ - 13 /17-18, 31.10.17, ₹.85287/-

ബിൽ നമ്പർ - 15 /17-18, 15.2.18, ₹.40500/-
ബിൽ നമ്പർ - 18 /17-18, 15.2.18, ₹.40500/-
ബിൽ നമ്പർ - 23/17-18, 14.3.18 ,₹. 34750/-

ബിൽ നമ്പർ - 25/17-18, 14.3.18,₹. 159963 /-

ബിൽ നമ്പർ - 27/17-18, 17.3.18,₹. 21000 /-

ബിൽ നമ്പർ - 30/17-18, 17.3.18,₹. 4983/-

ചെക്ക് നമ്പർ- 2430106/26.3.16, ₹. 41796/-

30.3.18, ₹.11000/-

2017-18 വർഷത്തെ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഭാഗമായി ഗൃഹസന്ദർശനം നടത്തുന്നതിനായി ഉപയോഗിച്ച വാഹനത്തിന് അനുവദനീയമായതിലും അധികം നിരക്കിൽ വാടക നല്കിയതായി കാണുന്നു.സാന്ത്വന പരിചരണപരിപാടി നടപ്പിലാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയോ, ആരോഗ്യസ്ഥാപനത്തിന്റെയോ വാഹനം ലഭ്യമല്ലാത്ത

സാഹചര്യത്തിൽ ക്വട്ടേഷൻ ക്ഷണിച്ച് വാഹനം ലഭ്യമാക്കാൻ നിർദേശമുണ്ട്.പാലിയേറ്റീവ് കെയർ പരിചരണ മാർഗരേഖ- 29.10.2015 ലെ സ.ഉ.(സാധാ)നം.3217/2015/ത.സ്വ.ഭ.വ, അനുസരിച്ച് വാഹന വാടക നല്കുന്നതിന് നിരക്ക് നിശ്ചയിച്ചിട്ടുണ്ട്. നല്കാവുന്ന വാഹനവാടകയുടെ നിരക്ക് താഴെ ചേർക്കുന്നു

| ഓടുന്ന ദൂരം (up and down) | 15-24 കി. മി | 25-34 കി. മി | 35-44 കി. മി | 45 കി. മി |
|---|---|---|---|---|
| പരാമവധി | 800 | 900 | 1000 | 1100 |

കുമരംപുത്തൂർ ഗ്രാമപഞ്ചായത്തിൽ 2017-18 വർഷത്തിൽ പാലിയേറ്റീവ് പരിചരണ മാർഗരേഖയിൽ നിർദേശിച്ചതിലും അധികം തുക നല്കിയിട്ടുണ്ട്. ബിൽ നമ്പർ 3/17-18 നൊപ്പമുള്ള ട്രിപ്പ് ഷീറ്റ് അനുസരിച്ച് ഒരു ദിവസം 30 കി. മി വരെ മാത്രമാണ് ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ എന്നീ മാസങ്ങളിൽ സഞ്ചരിച്ചിട്ടുള്ളത്.ഓടിയ ദൂരം കണക്കിലെടുക്കുമ്പോൾ നല്കാവുന്ന പരമാവധി തുക 900 രൂപയാണ്. ഇക്കാലയളവിൽ ഓടിയ ഓരോ ദിവസവും ആയിരം രൂപ നിരക്കിൽ ആകെ 53000 രൂപ നല്കിയിട്ടുണ്ട് . ഓരോ ദിവസവും 100 രൂപ വീതം അധികം നല്കിയതിലൂടെ ആകെ 5300 രൂപ അധിക ചെലവായിട്ടുണ്ട് . കെ.എൽ.50-സി- 2693 നമ്പർ വാഹനത്തിന്റെ ഡ്രൈവർ ശ്രീ. ഷംസീറിനാണ് തുക നല്കിയിരിക്കുന്നത് .

അനുവദനീയമായതിലും അധികം നൽകിയ ₹.5300 തടസ്സപ്പെടുത്തുന്നു.

2).പാലിയേറ്റീവ് മാനേജമെന്റ് കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ, ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും , പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ് എന്ന് നിർദേശമുണ്ട്.ഓരോ മാസത്തെയും പ്രതിമാസ അവലോകന റിപ്പോർട്ടും വരവ് -ചെലവ് കണക്കും മെമ്പർ സെക്രട്ടറി ഓരോ യോഗത്തിലും അവതരിപ്പിക്കേണ്ടതാണ്. യോഗം റിപ്പോർട്ട് വിലയിരുത്തി അംഗീകാരയോഗ്യമെങ്കിൽ അംഗീകരിക്കേണ്ടതുമാണ്. ഇത് കൂടാതെ ഓരോ ദ്വൈമാസ യോഗത്തിലും അടുത്ത രണ്ട് മാസത്തേക്കുള്ള പ്രവർത്തന രൂപരേഖ തയ്യാറേക്കേണ്ടതാണ്.കുമരംപുത്തൂർ ഗ്രാമപഞ്ചായത്തിന്റെ പി.എം.സി. 17-18 വർഷത്തിൽ നാല് തവണ മാത്രമാണ് കൂടിയിട്ടുള്ളത്. മാർഗരേഖയിൽ നിർദേശിച്ച പ്രകാരം പി.എം.സി കൂടി പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്.

## **3-14** <u>സ്മാർട്ട് ക്ലാസ് റൂം - ലാപ്ടോപ്പിന് അധികനിരക്ക് നൽകി</u>

പദ്ധതി-സർക്കാർ എൽ.പി. സ്കൂൾ സ്മാർട്ട് ക്ലാസ്സ് (117/18)

അടങ്കൽ - 490000/- (എം.ജി.നോൺറോഡ് ഫണ്ട്)

ചെലവ് - ബിൽ നമ്പർ - 3/27.02.18 – 484700/-
നിർവഹണം- ഹെഡ് മാസ്റ്റർ

പദ്ധതി പ്രകാരം 3 സ്കൂളുകൾക്ക് സ്മാർട്ട്ക്ലാസ്സിനായി ടി.വി, ലാപ്ടോപ്പ്, പ്രിന്റർ എന്നിവ വാങ്ങുന്നതിനായി 2.2.2018 ന് ടെണ്ടർ നടത്തുകയും ലഭ്യമായ 5 ടെണ്ടറുകളിൽ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത പി.സി.വേൾഡ് എന്ന സ്ഥാപനത്തിൽ നിന്നും 15.2.18 ലെ ഭരണസമിതി തീരുമാനപ്രകാരം പർച്ചേസ് നടത്തുകയും ചെയ്തിട്ടുണ്ട്. വാങ്ങിയ ഉപകരണങ്ങളുടെ വിവരം താഴെ ചേർക്കുന്നു

3.4 inch LED TV – 9 No.-@35900 = 323100

Canon printer – 1 Nos @ 25400

Laptop – 3 No - @45400 – 136200

ആകെ - 484700

പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

G.O(Ms)460/17/പൊതു വിദ്യാഭ്യാസ വകുപ്പ് ,തിയതി 20/2/17 ,

G.O(Rt)2515/17/പൊതു വിദ്യാഭ്യാസ വകുപ്പ് ,തിയതി 30/7/17

Order no. NEP3/40036/2017/Dpi/dt 30.5.17 of the Director of public instruction

സ.ഉ(സാധാ) 97/2018/പൊ.വി.ല തിയതി 6.01.2018

എന്നിവ പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്കൂളുകളിലെ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള പൊതുമാനദണ്ഡങ്ങൾ അംഗീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ചുള്ള പർച്ചേസുകൾക്കും ഒറ്റപ്പെട്ട വാങ്ങലുകൾക്കും പ്രസ്തുത നിബന്ധനകൾ ബാധകമാണെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

Order No.NEP3/10192/2015/Dpi/ dtd 21.11.16 of the Director of Public Instruction പ്രകാരം കമ്പ്യൂട്ടറുകളുടെ minimum Specification & Maximum Price നിഷ്കർഷിച്ചിട്ടുണ്ട്. സ.ഉ(സാധാ) 97/2018/പൊ.വി.ല തിയതി 6.01.2018 പ്രകാരം ഇവയുടെ നിരക്ക് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ജി.എസ്.ടി.

ഉൾപ്പെടെ 31000/- രൂപയാണ് ലാപ്ടോപ്പ് കമ്പ്യൂട്ടറിന് നൽകാവുന്ന പരമാവധി നിരക്ക്.

കെൽട്രോണിൽ നിന്ന് നേരിട്ടോ മറ്റു സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ മുഖേനയോ മേൽ പറഞ്ഞ നിരക്കിൽ അധികരിക്കാതെ വാങ്ങലുകൾ നടത്തണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ ഹെഡ്മാസ്റ്റർ പ്രസ്തുത സർക്കാർ ഉത്തരവ്/നിർദേശം പാലിക്കാതെ ഉയർന്ന നിരക്കിലാണ് ലാപ്ടോപ്പ് കമ്പ്യൂട്ടർ -( @ 45400/-) വാങ്ങിയത്. അതിനാൽ 3 ലാപ്ടോപ്പിന് ആകെ (3*(45400-31000)) -43200 രൂപ പദ്ധതി ഫണ്ടിന് അധികചെലവുണ്ടായി.ഓഡിറ്റ് എൻക്വയറി 11/22.3.19 ന് മറുപടിയായി IKM സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലാപ്ടോപ് ടെണ്ടർ ക്ഷണിച്ച് വാങ്ങിയതാണ് എന്നും ഉത്തരവ് ശ്രദ്ധിച്ചിരുന്നില്ല എന്നുമാണ് അറിയിച്ചത്. സർക്കാർ ഉത്തരവ് പാലിക്കാതെ ലാപ്ടോപിന് അധികമായി ചെലവഴിച്ച 43200 രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 3-15 പൈപ്പ് കമ്പോസ്റ്റ് യൂണിറ്റ് - ഗുണഭോക്താക്കളില്ലാത്തതിനാൽ ഉപയോഗശൂന്യമായി അവശേഷിക്കുന്നു

പ്രൊജക്ട് -. പൈപ്പ് കമ്പോസ്റ്റ് - 207/18

അടങ്കൽ - TSC – 121050

ഗുണഭോക്തൃവിഹിതം -16140

ചെലവ് - ചെക്ക് നമ്പർ - 1844784/2.11.17-68595 (ഇതിൽ 60525 രൂപ ശുചിത്വമിഷൻ ഫണ്ടും 8070 രൂപ ഗുണഭോക്തൃവിഹിതവുമാണ്)

നിർവഹണം – വി.ഇ.ഒ

2013-14 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പദ്ധതി പ്രകാരം കെയ്കോ എന്ന സ്ഥാപനത്തിന് ശുചിത്വമിഷൻ വിഹിതവും ഗുണഭോക്തൃവിഹിതവും നൽകുന്നതിനായാണ് പദ്ധതി തയ്യാറാക്കിയത്. പദ്ധതി പ്രകാരം 2013-14 ൽ 300 പേർക്ക് പൈപ്പ് കമ്പോസ്റ്റ് നൽകിയിരുന്നു. കെയ്കോ എന്ന സ്ഥാപനത്തിൽ നിന്നുമാണ് 807 രൂപ നിരക്കിൽ പൈപ്പ് കമ്പോസ്റ്റ് യൂണിറ്റ് വാങ്ങിയത്. 2013 ൽ TSC ഷെയറിന്റെ 60% ലഭിച്ചിരുന്നു. തുടർന്ന് 1/ 2017 ൽ ബാലൻസ് തുക TSC യിൽ നിന്നും ലഭ്യമാകുകയും വീണ്ടും കെയ്കോയിൽ നിന്നും 200 യൂണിറ്റ് വാങ്ങുകയും ചെയ്തു. ഇതിൽ 100 എണ്ണം മാത്രമാണ് വിതരണം ചെയ്തത്. 2016-17 ൽ 24210 രൂപ പ്ലാൻഫണ്ടിൽ നിന്നും കെയ്കോയ്ക്ക് നൽകി. 2017-18 ൽ ചെക്ക് -1844784/2.11.17 –

68595 രൂപയും നൽകി ( 60525 -TSC, 8070- ഗുണഭോക്തൃവിഹിതം). 100 പൈപ്പിന് 80700 രൂപയാണ് നൽകേണ്ടിയിരുന്നത് . എന്നാൽ 92805 രൂപ നൽകിയിട്ടുണ്ട്.

അധികം ചെലവഴിച്ച 12105 രൂപ ക്രമീകരിക്കുകയോ നിർവഹണഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുകയോ ചെയ്യേണ്ടതാണ്.

ഗുണഭോക്താക്കളില്ലാത്തതിനാൽ നിലവിൽ100 യൂണിറ്റുകൾ ഉപയോഗശൂന്യമായി വി.ഇ.ഒ. ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട്.



വിതരണം ചെയ്യാൻ അവശേഷിക്കുന്ന പൈപ്പ് കമ്പോസ്റ്റ് യൂണിറ്റുകൾ

100 ഗുണഭോക്താക്കൾ മാത്രമാണ് ഗുണഭോക്തൃവിഹിതം ഒടുക്കിയത് എങ്കിലും 200 യൂണിറ്റുകൾ വാങ്ങിയതിനാലാണ് യൂണിറ്റുകൾ നിഷ്ക്രിയ ആസ്തിയായി അവശേഷിക്കുവാനിടയായത്.വാങ്ങിയ യൂണിറ്റുകളുടെ വില കെയ്ക്കോയ്ക്ക് നിയമാനുസൃതം നൽകേണ്ടത് നിർവഹണഉദ്യോഗസ്ഥന്റെ ബാധ്യതയാണ്. 2018-19 ൽ പദ്ധതിക്ക് വീണ്ടും അംഗീകാരം വാങ്ങിയെങ്കിലും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കാത്തതിനാൽ നടപ്പിലാക്കിയില്ല. അടിയന്തിരമായി ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത് യൂണിറ്റുകൾ വിതരണം ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി – 20/26.3.19)

## **3-16** <u>ബയോഗ്യാസ് പ്ലാന്റ്-യൂണിറ്റുകൾ വിതരണം ചെയ്യപ്പെടാതെ അവശേഷിക്കുന്നു</u>

പ്രൊജക്ട്- ബയോഗ്യാസ് പ്ലാന്റ് -64/18

അടങ്കൽ - പ്ലാൻ (ജ)-289000

പ്ലാൻ (CFC) -26940

തനത് ഫണ്ട് - 4910

ഗുണഭോക്തൃവിഹിതം - 108000

ആകെ - 428850

ബിൽ നമ്പർ -5/28.6.17-74865 (പ്ലാൻ)

നിർവഹണം - വി.ഇ.ഒ

ഗാർഹിക ഗുണഭോക്താക്കൾക്ക് 75% നിരക്കിൽ ബയോഗ്യാസ് പ്ലാന്റ് വിതരണം ചെയ്യുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. പദ്ധതി പ്രകാരം 28 ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ചെങ്കിലും 14 പേർ മാത്രമാണ് ഗുണഭോക്തൃവഹിതം ഒടുക്കിയത്. ടെണ്ടർ ക്ഷണിച്ച് റെയ്ഡ്കോയിൽ നിന്നും 25 യൂണിറ്റുകൾ നിർവഹണഉദ്യോഗസ്ഥൻ വാങ്ങിയിട്ടുണ്ട്.റെയ്ഡ്കോ യുടെ ബിൽ പ്രകാരം ആകെ 178250 രൂപയാണ് നൽകേണ്ടത്. (ഒരു യൂണിറ്റിന് 7130).

25 യൂണിറ്റുകൾ വാങ്ങിയെങ്കിലും 14 യൂണിറ്റുകൾ മാത്രമാണ് 2017-18 ൽ വിതരണം ചെയ്തതായി കാണുന്നത്. നിലവിൽ 6 യൂണിറ്റുകൾ വി.ഇ.ഒ ഓഫിസിൽ സൂക്ഷിച്ചിട്ടുണ്ട്. ബാക്കി 5 യൂണിറ്റുകൾ കൂടി 2018 ൽ വിതരണം ചെയ്തതായി വി.ഇ.ഒ.യുടെ മറുപടിയിൽ (ഓഡിറ്റ് എൻക്വയറി -20/26.3.19-)പറയുന്നു. എന്നാൽ ഇവരുടെ വിവരങ്ങൾ ലഭ്യമായില്ല. ഇവർ ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ടോ എന്നും വ്യക്തമല്ല. 14 യൂണിറ്റുകളുടെ 75% തുകയായ 74865 രൂപ പ്ലാൻ ഫണ്ടിൽ നിന്നും റെയ്ഡ്കോയ്ക്ക് നൽകിയിട്ടുള്ളത്.
ഗുണഭോക്തൃവിഹിതം ഒടുക്കിയവർക്ക് ആവശ്യമായ യൂണിറ്റുകൾക്ക് മാത്രം പർച്ചേസ് ഓർഡർ നൽകുന്നതിന് പകരം കൂടുതൽ യൂണിറ്റുകൾ വാങ്ങിയതിനാൽ 6 യൂണിറ്റുകൾ ഒരു വർഷത്തിലധികമായി ഉപയോഗശൂന്യമായി വി.ഇ.ഒ, ഓഫീസിൽ സ്റ്റോക് ചെയ്തിട്ടുണ്ട്. കൂടാതെ 5 യൂണിറ്റുകളുടെ വിതരണ വിവരവും ലഭ്യമായില്ല. പദ്ധതി നടത്തിപ്പിലെ അപാകതകൾക്ക് വിശദീകരണം ലഭ്യമാകുന്നതുവരെ ചെലവ് തുകയായ 74865.00 രൂപ തടസ്സത്തിൽ വയ്ക്കുന്നു.



വിതരണം ചെയ്യാതെ അവശേഷിക്കുന്ന ബയോഗ്യാസ് പ്ലാന്റുകൾ

വാങ്ങിയ ബയോഗ്യാസ് യൂണിറ്റുകളുടെ വില റെയ്ഡ്കോയ്ക്ക് നിയമാനുസൃതം നൽകേണ്ടത് നിർവഹണഉദ്യോഗസ്ഥന്റെ ചുമതലയാണ്. അതിനാൽ അടിയന്തിരമായി ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത് യൂണിറ്റുകൾ വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-17 ബങ്ക് വിതരണം - പദ്ധതി മാർഗനിർദേശങ്ങൾ പാലിച്ചില്ല

പ്രൊജക്ട്- ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് പെട്ടിക്കട (61/18)

അടങ്കൽ - പ്ലാൻ-225000

ചെലവ് -100000

ബിൽ നം - 7/28.10.17- 25000

3/19.6.17-50000

21/8.2.18-25000

2016-17 ൽ ആരംഭിച്ച ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് പെട്ടിക്കട എന്ന പദ്ധതി പ്രകാരം 2017-18 ൽ 4 വ്യക്തികൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. സബ്സിഡി മാർഗരേഖ (ജി.ഒ (എം.എസ്)4/16/11.1.2016 )യിലെ വ്യവസ്ഥകൾ താഴെ ചേർക്കുന്നു.

- പെട്ടികടയുടെ നടത്തിപ്പ് ചുമതല മാത്രമാണ് ഗുണഭോക്താവിന് നൽകാവുന്നത്.

- പെട്ടികട നിർമ്മിച്ച് നൽകുന്ന/ വിൽപ്പന നടത്തുന്ന സ്ഥാപനത്തിനാണ് സബ്സിഡി തുക നൽകേണ്ടത്.
- വാല്യുവേഷൻ എൽ.എസ്.ജി.ഡി എഞ്ചിനീയർ എടുത്തിരിക്കണം .

മേൽ വ്യവസ്ഥകളൊന്നും പാലിക്കാതെ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് 25000 രൂപ വീതം നൽകുകയാണ് നിർവഹണ ഉദ്യോഗസ്ഥൻ ചെയ്തിട്ടുള്ളത്. പെട്ടികട ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായി നിലനിർത്തി നടത്തിപ്പു ചുമതല മാത്രം ഗുണഭോക്താവിന് നൽകണം എന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല. ഗുണഭോക്താക്കൾ നേരിട്ട് നിർമിച്ച പെട്ടികട എഞ്ചിനീയർ പരിശോധിക്കുകയോ വാല്യുവേഷൻ നടത്തുകയോ ചെയ്തിട്ടില്ല. കട നിർമ്മിച്ചു എന്നതിന് തെളിവായി ഫോട്ടോ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. പദ്ധതി മാർഗരേഖയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ധനസഹായതുക നൽകിയത് ക്രമപ്രകാരമല്ല. മാർഗനിർദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച തുക 100000 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-18 അങ്കണവാടികൾക്കുള്ള കേന്ദ്രവിഹിതം ചെലവഴിക്കേണ്ടതാണ്

അങ്കണവാടി പോഷാകാഹാര പദ്ധതിക്കായി കേന്ദ്രവിഹിതമായി ലഭിച്ച തുകയിൽ 1514878/- രൂപ ചെലവഴിക്കാതെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

മുന്നിരുപ്പ് - 2424398

വരവ് - 1081253

ആകെ - 3505651

ചെലവ് - 2724593

നീക്കിയിരുപ്പ് -781058

പൂരക പോഷകാഹാര പദ്ധതിക്കായി ലഭിച്ച ഫണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ ഉപയോഗിക്കാവുന്നതാണ് എന്ന് 3.9.2010 ലെ 39029/DC3/2010 നം സർക്കുലറിൽ നിർദേശിച്ചിട്ടുണ്ട്.സർക്കുലർ പ്രകാരം പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാകുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും,

അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശമുണ്ട്. ഗ്രാമപഞ്ചായത്തിലെ പല അങ്കണവാടികളിലും ആവശ്യമായ സൗകര്യങ്ങൾ നിലവിലില്ലാത്ത സാഹചര്യത്തിൽ കേന്ദ്രവിഹിതത്തിലെ നീക്കിയിരുപ്പ് തുക ഉപയോഗപ്പെടുത്തി പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.

<u>അങ്കണവാടികളുടെ നിലവിലെ ഭൗതിക സാഹചര്യം</u>

| | |
|---|---|
| അങ്കണവാടികളുടെ എണ്ണം | 38 |
| വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 6 |
| ചുറ്റുമതിൽ ഇല്ലാത്തത് | 11 |
| കുടിവെള്ളസൗകര്യം ഇല്ലാത്തവ | 6 |

പ്രാദേശിക പരിശോധനയുടെ ഭാഗമായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മൈലാംപാടം അങ്കണവാടി പരിശോധിച്ചതിൽ റോഡരികിലുള്ള ഒരു കടമുറിയിലാണ് നിലവിൽ പ്രവർത്തിക്കുന്നത് എന്ന് വ്യക്തമായി. വൈദ്യുതി, ടോയ്‌ലറ്റ് തുടങ്ങിയ സൗകര്യങ്ങളൊന്നും നിലവിലില്ല.



മൈലാംപാടം അങ്കണവാടി

അങ്കണവാടിക്കായി പുതിയ കെട്ടിടം ജില്ലാപഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച

വരുന്നതായി ഐ.സി.ഡി.എസ്. സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്കും ആവശ്യമായ ഭൗതിക സൗകര്യങ്ങളും സുരക്ഷിതത്വും ഉറപ്പുവരുത്തുവാനും ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്.

## 3-19 ലാപ്ടോപ് - അനർഹരായ വ്യക്തികൾക്ക് നൽകി

പ്രൊജക്ട് - എസ്.സി.ബിരുദ, പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം

പ്രൊജക്ട് നമ്പർ- 93/18

അടങ്കൽ - 240000

ചെലവ് - 235440

ബിൽ നമ്പർ - 29/16.3.18

നിർവഹണം - അസിസ്റ്റന്റ് സെക്രട്ടറി

പദ്ധതി പ്രകാരം ടെണ്ടർ ക്ഷണിച്ച് അക്ഷര എന്റർപ്രൈസസ് എന്ന സ്ഥാപനത്തിൽ നിന്ന് 235440 രൂപ വിലയുള്ള ലാപ്ടോപ്പുകൾ വാങ്ങി 8 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട് . സബ്സിഡി മാർഗരേഖ (ജി.ഒ.(എം.എസ് 80/17/തിയതി 3.4.17 ) 11.8 ൽ 6 പ്രകാരം ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്നിക്ക് (ഡിപ്ലോമ) എഞ്ചിനിയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ബിരുദം,ബിരുദാനന്തര ബിരുദം, ഡിപ്ലോമ) എന്നീ കോഴ്സുകൾക്ക് സർക്കാർ/ എയ്ഡഡ്/ സ്വാശ്രയ സ്ഥാപനങ്ങളിലോ സർവകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് ലാപ്ടോപ് അനുവദിക്കാവുന്നത്.

ഗ്രാമപഞ്ചായത്ത് പദ്ധതി പ്രകാരം ലാപ്ടോപ് നൽകിയ അശ്വിൻ.സി.എസ്. (11 വാർഡ്) എന്ന ഗുണഭോക്താവ് ഹാജരാക്കിയ സർട്ടിഫിക്കറ്റിൽ ( No- nil, dt 29.11.17 of IDEAL Private ITI ) താഴെ പറയും പ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

Aswin was a student of this institution during 2015-17.

2017-18 ൽ വിദ്യാർത്ഥിയല്ലാത്ത ഗുണഭോക്താവിന് ലാപ്ടോപ്പ് അനുവദിച്ചത് ക്രമപ്രകാരമല്ല. വിദ്യാർത്ഥിയല്ലാത്ത വ്യക്തിക്ക് അനുവദിച്ച ലാപ്ടോപ്പിന്റെ വിലയായ 29430 രൂപ ഉത്തരവാദിയായ നിർവഹണഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2.പ്രൊജക്ട് - 257/18

അടങ്കൽ -150000 (പ്ലാൻ)

ചെലവ് -139500

ബിൽ നമ്പർ - 31/26.3.18

പദ്ധതി പ്രകാരം ടെണ്ടർ ക്ഷണിച്ച് My Computer എന്ന സ്ഥാപനത്തിൽ നിന്നും 5 ലാപ്ടോപ്പ് (Acer) വാങ്ങി ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. ഒരു ലാപ്ടോപ്പിന് 27900 രൂപ നിരക്കിലാണ് പർച്ചേസ് നടത്തിയത്. പദ്ധതി പ്രകാരം അനൂപ്.പി, പയ്യനെടം എന്ന ഗുണഭോക്താവ് Frankfinn Institute എന്ന സ്ഥാപനത്തിൽ Hospitality & travel and customer service എന്ന കോഴ്സാണ് ചെയ്യുന്നത്. പ്രസ്തുത സ്ഥാപനം സർക്കാർ/ എയ്ഡഡ്/ സ്വാശ്രയ സ്ഥാപനമോ സർവകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനമോ അല്ല. അർഹതയില്ലാത്ത ഗുണഭോക്താവിന് അനുവദിച്ച ലാപ്ടോപ്പിന്റെ വിലയായ 27900 രൂപ നിരാകരിക്കുന്നു. തുക ഉത്തരവാദിയായ നിർവഹണഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി 18/26.3.19)

## 3-20 എസ്.സി പെൺകുട്ടികൾക്ക് വിവാഹധനസഹായം- അധികതുക നൽകി

പ്രോജക്ടിന്റെ പേര് - എസ് സി വിവാഹധനസഹായം

പ്രോജക്ട് നമ്പർ - 92/17-18

അടങ്കൽ- 825000 (വികസന ഫണ്ട്)

ചെലവ് - 825000

നിർവഹണ ഉദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

ബിൽ - 15/12.10.2017-75000

12/26.9.17-75000

21/29.11.17-525000

23/30.1.18-75000

25/21.2.18-75000

സ.ഉ എം.എസ്) നം.80/2017/ത.സ്വ.ഭ.വ തീ 03.04.2017 പ്രകാരം പുറപ്പെടുവിച്ച 2017-18 വർഷത്തെ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 11.5 പ്രകാരം പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപെട്ട പെൺകുട്ടികൾക്ക് വരുമാനപരിധി 200000 രൂപയ്ക്ക് വിധേയമായി 75000 രൂപ ധനസഹായം നൽകാവുന്നതാണ്. വിവാഹത്തിന് 15 ദിവസം മുൻപോ, 180 ദിവസത്തിനകമോ അപേക്ഷ നൽകാമെങ്കിലും വിവാഹം നടന്ന വർഷത്തിൽ നിലവിലുള്ള ധനസഹായത്തിനാണ് അർഹതയുള്ളത്.2017-18 വർഷത്തെ സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള സാമ്പത്തികാനുകൂല്യങ്ങൾക്ക് ഉത്തരവ് നിലവിൽ വന്ന 03.04.2017മുതലാണ് പ്രാബല്യമുള്ളത്.

2016-17ലെ സബ്സിഡി മാർഗ്ഗരേഖ പ്രകാരം 50000 രൂപയാണ് ധനസഹായ തുക.

എന്നാൽ 2016-17 വർഷത്തിൽ വിവാഹിതരാവുകയും പ്രസ്തുത വർഷത്തിൽ ധനസഹായത്തിന് അപേക്ഷ നൽകുകയും ചെയ്തിട്ടുള്ള ഗുണഭോക്താക്കൾക്ക് 2017-18 വർഷത്തെ സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള ധനസഹായം 75000 രൂപ നൽകിയിട്ടുണ്ട്. ബിൽ നമ്പർ- 21/17-18 തിയതി 29.11.17 പ്രകാരമുള്ള 525000 രൂപയിൽ നിന്നും താഴെ പറയുന്ന 2 പേർക്ക് ഇപ്രകാരം 75000 വീതം നൽകിയിട്ടുണ്ട്

ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവ് | അപേക്ഷ സമർപ്പിച്ച തിയ്യതി | വിവാഹം നടന്നത് | കൈപ്പറ്റിയ തുക | അർഹതയുള്ളത് | അധികം നൽകിയത് | അക്കൗണ്ട് നം |
|---|---|---|---|---|---|---|---|
| 1 | പരിയാനി<br>നടുപറമ്പ്<br>മണ്ണാർക്കാട് കോളേജ് (പി.ഒ) (മകൾ അപർണ്ണ.എസ്) | 14.2.17 | 1.01.17 | 75000 | 50000 | 25000 | 67234 140343 |
| 2 | ശ്രീ.ഗോപാലകൃഷ്ണൻ<br>മഠത്തിൽ ഹൗസ്<br>വട്ടമ്പലം<br>കുമരംപുത്തൂർ (മകൾ സൗമ്യ) | 22.02.17 | 29.01.17 | 75000 | 50000 | 25000 | 6728 4616744 |
| | ആകെ | | | | | 50000 | |

സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.3ൽ സബ്സിഡി മാനദണ്ഡങ്ങളുടെ

ലംഘനം തദ്ദേശ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുരുപയോഗമായി കണക്കാക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.
ഓഡിറ്റ് എൻക്വയറി -9/22.3.19 ന് മറുപടിയായി മേൽ പറഞ്ഞ ഗുണഭോക്താക്കളുടെ അപേക്ഷ ഗ്രാമപഞ്ചായത്തിൽ misplace ആയതിനാൽ 2016-17 വർഷത്തെ സ്പിൽ ഓവർ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിഞ്ഞില്ല എന്നും അതിനാൽ 2017-18 ലെ പദ്ധതിയിൽ ഉൾപ്പെടുത്തി 75000 രൂപ വീതം നൽകുകയാണ് ചെയ്തത് എന്നും അറിയിച്ചിട്ടുണ്ട്. മറുപടി അംഗീകരിക്കാവുന്നതല്ല.

നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നൽകിയ അധിക ധനസഹായം – 50000 രൂപ ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-21 വാട്ടർടാങ്ക് വാങ്ങൽ -ഉയർന്ന നിരക്ക് നൽകി

പ്രൊജക്ട്- വാളിയാടി എസ്.സി. കോളനി വാട്ടർ ടാങ്ക് (255/18)

അടങ്കൽ - 100000

ചെലവ് - 96000 (32/28.3.18)-പ്ലാൻ(SCP)

നിർവഹണം - അസിസ്റ്റന്റ് സെക്രട്ടറി

പദ്ധതി പ്രകാരം വാളിയാടി എസ്.സി. കോളനിയിൽ വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതിനായി 16.3.18 ൽ നടത്തിയ ടെണ്ടറിൽ താഴെ പറയും പ്രകാരം 4 ടെണ്ടർ ലഭിച്ചിട്ടുണ്ട്.

സ്പെസിഫിക്കേഷൻ - 10000 ലിറ്റർ വാട്ടർടാങ്ക്

| സ്ഥാപനം | | |
|---|---|---|
| എമിനന്റ് എന്റർപ്രൈസസ് | 10000 Litre syntex tank (ISO) | 96000 |
| | 10000 Litre syntex tank(ISI) | 105000 |
| ഫ്രണ്ട്സ് കമ്മ്യൂണിക്കേഷൻ<br>പെരിന്തൽമണ്ണ | സോണറ്റ് വാട്ടർ ടാങ്ക് (10000 ലിറ്റർ ) 13 വർഷം വാറന്റി | 79500 |
| | അക്വാടെക് 10000 ലിറ്റർ- 15 വർഷം വാറന്റി | 96500 |
| വി.കെ. ഹാർഡ്വെയർ | അക്വാടെക് 10000 ലിറ്റർ (ISO) | 98000 |

| | | |
|---|---|---|
| മോഡേൺ സാനിറ്ററി | 10000 ലിറ്റർ പി.വി.സി അക്വാടെക് (ISO) | 98500 |

20.3.2018 ലെ ഭരണസമിതി തീരുമാന നമ്പർ 11 താഴെ ചേർക്കുന്നു.

Eminent enterprises, വാടാനപ്പള്ളി എന്ന സ്ഥാപനം ISO മാർക്കുള്ള വാട്ടർടാങ്ക് നൽകുന്നതിന് 96000 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. കുറഞ്ഞ നിരക്കിലുള്ള Eminent enterprises – ന്റെ ക്വട്ടേഷൻ അംഗീകരിച്ചു.

തുടർന്ന് 26.3.18 ലെ ബിൽ പ്രകാരം 96000 രൂപയുടെ വാട്ടർ ടാങ്ക് Eminent enterprise എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്.

ഏറ്റവും കുറഞ്ഞ നിരക്കായ 79500 (ഫ്രണ്ട്സ് കമ്മ്യൂണിക്കേഷൻ ) - ഒഴിവാക്കി ഉയർന്ന നിരക്കായ 96000 രൂപയ്ക്ക് പർച്ചേസ് നടത്തിയതിനാൽ 16500 രൂപയുടെ അധികചെലവുണ്ടായി.
സ.ഉ (എം.എസ്)നം80/2017/ത.സ്വ.ഭ.വ തീ 03.04.2017 പ്രകാരം പുറപ്പെടുവിച്ച 2017-18 വർഷത്തെ സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 2.7 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടി ക്രമങ്ങളിൽ സ.ഉ .(പി) നം 259/2010 /ത.സ്വ.ഭ.വ തീ 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത മാർഗരേഖയിൽ വാങ്ങലിന്റെ ആവശ്യം തിരിച്ചറിഞ്ഞ് സ്പെസിഫിക്കേഷൻ തയ്യാറാക്കേണ്ടതും ആയത് പ്രകാരം വാങ്ങൽ നടത്തേണ്ടതുമാണ്.
ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരം ലഭ്യമായ ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ നിരക്കുള്ള ടെണ്ടർ അംഗീകരിക്കാതെ ഉയർന്ന നിരക്കിൽ പർച്ചേസ് നടത്തിയതിനാൽ നഷ്ടമായ 16500 രൂപ ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി – 21/27.3.19 ന് മറുപടി ലഭ്യമായില്ല)

# **3-22** സ്റ്റഡിടേബിൾ നൽകൽ പദ്ധതി -നിർവഹണത്തിലെ അപാകതകൾ

പ്രൊജക്ട് -പത്താം ക്ലാസ്സ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്റ്റഡി ടേബിൾ

പ്രൊജക്ട് നമ്പർ - 88/18

അടങ്കൽ - വികസന ഫണ്ട് - 2,50,000

തനത് ഫണ്ട് - 2000

നിർവഹണം - അസി.സെക്രട്ടറി

ചെലവ് - 30/26.3.18 - 188000

ഗ്രാമപഞ്ചായത്തിലെ 10 ക്ലാസ്സ് വരെ പഠിക്കുന്ന എസ്.സി. വിദ്യാർത്ഥികൾക്ക് സ്റ്റഡി ടേബിൾ നൽകുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. പദ്ധതി പ്രകാരം സിഡ്കോയിൽ നിന്നും 47 ടേബിൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

സബ്സിഡി മാർഗരേഖ(80/17/3.4.17, അംഗീകരിച്ച പദ്ധതി എന്നിവ പ്രകാരം സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമുള്ള വിദ്യാർത്ഥികൾക്കാണ് ടേബിൾ നൽകാവുന്നത്. ഫർണീച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേന ടേബിൾ വിതരണം ചെയ്യണം എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ നിർവഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താക്കളിൽ നിന്നും നേരിട്ട് അപേക്ഷ സ്വീകരിച്ച് ഫർണീച്ചർ വിതരണം ചെയ്തതായാണ് കാണുന്നത്. ഗുണഭോക്താക്കളിൽ നിന്നും നേരിട്ട് കൈപ്പറ്റ് രസീതി വാങ്ങിയാണ് വിതരണം നടത്തിയിട്ടുള്ളത്. സ്കൂളിൽ നിന്നും ലിസ്റ്റ് ലഭ്യമാക്കുകയോ സ്കൂൾ അധികൃതർ മുഖേന വിതരണം നടത്തുകയോ ചെയ്തിട്ടില്ല. മാർഗരേഖയിലെ നിർദേശങ്ങൾക്കനുസൃതമായി സുതാര്യമായി പദ്ധതി നിർവഹണം നടത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി – 21/27.3.19)

## 3-23 ഓട്ടോറിക്ഷ വാങ്ങൽ - രേഖകൾ ലഭ്യമാക്കിയില്ല

പ്രൊജക്ട് -എസ്.സി യുവാക്കൾക്ക് ഓട്ടോറിക്ഷ (6/18)

അടങ്കൽ - 900000(SCP)

ചെലവ് - 150000

ബിൽ - 10/15.9.17 – 100000( മാധവൻ കുട്ടി , ചെറുകുന്ന്, വട്ടമ്പലം & അനീഷ് കുമാർ,മുണ്ടക്കാട്ടിൽ ഹൗസ്,)

13/12.10.17 – 50000 (ജയരാജ് പി, പച്ചീരി ഹൗസ് , കുമരംപുത്തൂർ)

നിർവഹണം – അസി.സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ എസ്.സി. യുവാക്കൾക്ക് സ്വയം തൊഴിലിനായി ഓട്ടോറിക്ഷ വാങ്ങുന്നതിന് ധനസഹായം അനുവദിക്കുന്നതിനാണ് പദ്ധതി തുക വകയിരുത്തിയിട്ടുള്ളത്. ബാങ്ക് ലിൻക്ഡ് പദ്ധതിയായതിനാൽ പദ്ധതിതുക ബാങ്കിനാണ് കൈമാറിയത്. 3 ഗുണഭോക്താക്കൾക്ക് 50000 രൂപ വീതം ആകെ 150000 രൂപ യൂണിയൻ ബാങ്ക്, മണ്ണാർക്കാടിന് നൽകിയിട്ടുണ്ട്.

സബ്സിഡി മാർഗരേഖ 80/17/3.4.17 പ്രകാരം ഗുണഭോക്താക്കൾ എംപ്ലോയ്മെന്റ്

രജിസ്ട്രേഷൻ ഉള്ളവരും നിലവിൽ പ്രാബല്യത്തിലുള്ള ഡ്രൈവിംഗ് ലൈസൻസും ബാഡ്ജും ലഭിച്ചവരുമായിരിക്കണം.
ഗുണഭോക്താക്കളുടെ ഡ്രൈവിംഗ് ലൈസൻസിന്റെ പകർപ്പ് അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇവർക്ക് ബാഡ്ജ് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. കൂടാതെ ഗുണഭോക്താക്കൾക്ക് ലോൺ അനുവദിച്ചതിന്റെയും ഓട്ടോറിക്ഷ വാങ്ങിയതിന്റെയും രേഖകൾ
(രജിസ്ട്രേഷൻ, ഇൻഷ്വറൻസ് തുടങ്ങിയവ) ലഭ്യമാക്കി സൂക്ഷിച്ചിട്ടില്ല. ഗുണഭോക്താക്കളുടെ പേരിൽ വാഹനം വാങ്ങിയതിന്റെ രജിസ്ട്രേഷൻ രേഖകൾ ലഭ്യമാക്കി പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതു വരെ ചെലവു തുക തടസ്സത്തിൽ വയ്ക്കുന്നു.(ഓഡിറ്റ് എൻക്വയറി – 21/27.3.19 ന് മറുപടി ലഭ്യമായില്ല)

# 3-24 ആശ്രയ പദ്ധതി- ചെലവഴിക്കാത്ത തുക തിരിച്ചടക്കേണ്ടതാണ്

ആശ്രയ പദ്ധതിയ്ക്കായി കുടുംബശ്രീ ചെയർപേഴ്സന്റെ പേരിലുള്ള വിജയ ബാങ്കിലെ 202601011004035 എന്ന അക്കൗണ്ടിൽ 7.1.19 ന് 146305/- രൂപ നീക്കിയിരുപ്പുണ്ട്. ഇതിൽ 143758/- രൂപ പദ്ധതി ഫണ്ടിനത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിച്ചതാണ്.

ആശ്രയ II nd Phase പദ്ധതിക്കായി നാളിതുവരെ ആകെ 900000 രൂപ പദ്ധതിഫണ്ടിൽ നിന്നും ഗ്രാമപഞ്ചായത്ത് കുടുംബശ്രീക്ക് നൽകിയിട്ടുണ്ട്. ഇതിൽ 756242 രൂപ ചെലവഴിച്ചതായും 143758 രൂപ ബാലൻസ് ഉള്ളതായും കാഷ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആശ്രയ പദ്ധതി അവസാനിച്ച സാഹചര്യത്തിൽ ബാങ്ക് അക്കൗണ്ടിൽ നീക്കിയിരുപ്പുള്ള പദ്ധതിഫണ്ട് 146305/- രൂപ തിരികെ ഒടുക്കേണ്ടതാണ്.

# 3-25 തെരുവ് വിളക്കുകളും വൈദ്യുതി ചാർജ്ജും - അവലോകനം

എ) തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് ഇല്ലാതെ വൈദ്യുതി ചാർജ്ജ് ഒടുക്കുന്നു.

ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ വൈദ്യുതിചാർജ്ജായി 2017-18 ൽ പ്രതിമാസം 52020 രൂപ ഒടുക്കിവരുന്നുണ്ട്. കൂടാതെ ഹൈമാസ്റ്റ് ലാമ്പിന് ശരാശരി 3300 രൂപയും ഒടുക്കിവരുന്നുണ്ട്. ഓഡിറ്റ് എൻക്വയറി 17/24.3.19 നുള്ള മറുപടിയിൽ തെരുവുവിളക്കുകളുടെ താഴെ പറയും പ്രകാരമുള്ള കണക്ക് അടിസ്ഥാനമാക്കിയാണ് എ.എം.സി നൽകിയിരുന്നത് എന്നാണ് അറിയിച്ചിട്ടുള്ളത്.

| | എണ്ണം | WATT |
|---|---|---|
| ബൾബ് | 206 | 40 |
| സി.എഫ്.എൽ 85 വാട്ട് | 38 | 85 |
| സി.എഫ്.എൽ 22 വാട്ട് | 22 | 11*2 |
| സോഡിയം വേപ്പർ ലാമ്പ് | 26 | 250 |
| ട്യൂബ് | 100 | |

എന്നാൽ 3/17 ൽ കെ.എസ്.ഇ. ബി., എക്സി.എഞ്ചിനീയർ നൽകിയ കത്ത് പ്രകാരം താഴെ പറയുന്ന തെരുവ് വിളക്കുകളാണുള്ളത്.

1. സി.എഫ്.എൽ 85 വാട്ട് ഓർഡിനറി-38 എണ്ണം
2. സി.എഫ്.എൽ 22 വാട്ട് ഓട്ടോമാറ്റിക് - 597 എണ്ണം

ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ കൃത്യമായ കണക്ക് സൂക്ഷിച്ചിട്ടില്ല. സംയുക്ത പരിശോധന നടത്തി വിളക്കുകളുടെ എണ്ണം നിജപ്പെടുത്തിയിട്ടില്ല. തെരുവുവിളക്കുകളുടെ പ്രതിമാസ വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത് വൈദ്യുതി ബോർഡിന്റെ കൈവശമുള്ള കാലഹരണപ്പെട്ടതും കൃത്യതയില്ലാത്തതുമായ കണക്കനുസരിച്ചാണ്.

ബി. നിലവിലില്ലാത്ത സാധാരണ ലാമ്പുകൾക്ക് ഒടുക്കുന്ന വൈദ്യുതി ചാർജ്ജ് ക്രമീകരിച്ചില്ല -

സാധാരണ ലാമ്പുകൾ വാങ്ങുന്നതിനും അറ്റകുറ്റപണികൾ നടത്തുന്നതിനും മുൻ വർഷങ്ങളിലൊന്നും ഗ്രാമപഞ്ചായത്ത് തുക വകയിരുത്തിയിട്ടില്ല. അതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ സാധാരണ ലാമ്പുകൾ നിലവിലില്ലെന്ന് അനുമാനിക്കാവുന്നതാണ്. 40 വാട്ടിന്റെ 206 സാധാരണ ലാമ്പുകൾക്ക് പ്രതിമാസ വൈദ്യുതി ചാർജ്ജ് നൽകുന്നത് ക്രമീകരിക്കേണ്ടതാണ്. സംയുക്ത പരിശോധന നടത്താത്തതിനാൽ നിലവിലില്ലാത്ത ഇനം വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നത് തുടർന്നു വരുന്നു. .

സി. ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കേണ്ടതാണ്

ഊർജ്ജ ഉപഭോഗം വളരെ കൂടുതലുള്ള 26 സോഡിയം വേപ്പർ ലാമ്പുകൾ ഗ്രാമപഞ്ചായത്തിലുണ്ട്. ഊർജ്ജ ഉപഭോഗം കുറവും പരിസ്ഥിതി സൗഹൃദവുമായ എൽ.ഇ.ഡി വിളക്കുകൾ സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

ഡി. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി പദ്ധതി ആവിഷ്കരിച്ചിട്ടില്ല എന്നാണ് ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ അറിയിച്ചിട്ടുള്ളത്. എല്ലാ തെരുവ്വിളക്കുകൾക്കും മീറ്റർ സ്ഥാപിച്ച് ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രം ചാർജ് ഒടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

ഡി. ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്തപരിശോധന നടത്തുന്നതിനുള്ള ശ്രമം ഊർജ്ജിതമാക്കി തെരുവു വിളക്കുകളുടെ കൃത്യമായ വിവരം ശേഖരിച്ച് കണക്കുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതും തദതനുസൃതമായി വൈദ്യുതചാർജ്ജ് ക്രമീകരിക്കേണ്ടതുമാണ്.
2. നിലിവില്ലാത്ത ലാമ്പുകൾക്ക് വൈദ്യുതി ബോർഡ് ഈടാക്കിവരുന്ന തുക മുൻകാല പ്രാബല്യത്തോടെ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
3. അറ്റകുറ്റപണികൾക്കാവശ്യമായ ലാമ്പുകൾ ആവശ്യകത വിലയിരുത്തി മാത്രം വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഓരോ വർഷവും പുതിയതായി ലാമ്പുകൾ സ്ഥാപിക്കുമ്പോളും നിലവിലുള്ളവ മാറ്റി പുതിയ ഇനം ലാമ്പുകൾ സ്ഥാപിക്കുമ്പോളും കണക്കുകളിൽ മാറ്റം വരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.
4. ഊർജ്ജ ഉപഭോഗം കൂടുതലുള്ള സോഡിയം വേപ്പർ ലാമ്പുകളും ട്യൂബുകളും ഘട്ടം ഘട്ടമായി മാറ്റി ഊർജ്ജ ഉപഭോഗം കുറവുള്ള ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്.
5. എല്ലാ തെരുവ് വിളക്കുകൾക്കും മീറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

തെരുവുവിളക്കുകളുടെ പരിപാലനത്തിനായി ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഭരണസമിതിയുടേയും ഉദ്യോഗസ്ഥരുടേയും പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 3-26 കുടിവെള്ള പദ്ധതികൾ

ഗ്രാമപഞ്ചായത്തിന് ജല അതോറിറ്റിയിൽ നിന്നും 11/2012ന് കൈമാറികിട്ടിയ കുമരംപുത്തൂർ കുടിവെള്ള പദ്ധതിയുടെ വരവ് ചെലവ് കണക്കുകൾ പരിശോധിച്ചതിൽ തൻവർഷത്തെ വരവ് 1944464 രൂപയും ചെലവ് 2778635 രൂപയുമാണെന്ന് (വാർഷികകണക്കുകൾ പ്രകാരം) കാണുന്നു.
പദ്ധതിയിൽ 2 പമ്പ് ഹൗസുകളും ഒരു ട്രീറ്റ് മെന്റ് പ്ലാന്റും നിലവിലുണ്ട്. ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| ഗാർഹികം | 2591 |
| ഗാർഹികേതരം | 12 |
| ആകെ | 2603 |

യഥാർത്ഥത്തിലുള്ള കണക്ഷനുകളുടെ എണ്ണം, ഡിമാന്റ്, കളക്ഷൻ, കുടിശ്ശിക എന്നിവ രേഖപ്പെടുത്തി ഡിമാന്റ് രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. കണക്ഷൻ വിച്ഛേദിച്ചവയുടെ വിവരവും അനധികൃത കണക്ഷനുകളുടെ വിവരവും ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. ഡിമാന്റ് രജിസ്റ്റർ പ്രകാരം പല ഗുണഭോക്താക്കൾക്കും വെള്ളക്കരം കുടിശ്ശികയുണ്ട്.

വാർഷിക കണക്കുകൾ പ്രകാരം 2017-18 വർഷത്തെ വെള്ളക്കരം വരവ് 1944466 രൂപയും കുടിശ്ശിക വരവ് 94669 രൂപയുമാണ്. 827534രൂപ തൻവർഷവും 382141 രൂപ മുൻവർഷങ്ങളിലെയും കുടിശ്ശിക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നതായി ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

കുടിവെള്ള വിതരണത്തിന്റെ നടത്തിപ്പ ചുമതല മാത്രമാണ് 1994ലെ പഞ്ചായത്ത് രാജ് നിയമം 166 വകുപ്പ് (1) ഉപവകുപ്പ് 3-ാം പട്ടിക പ്രകാരം ഗ്രാമപഞ്ചായത്തിനുള്ളത്. അനിവാര്യ ചുമതലയിൽ ഉൾപ്പെടാത്ത കുടിവെള്ളവിതരണത്തിനായി 28ലക്ഷത്തിലധികം രൂപ ആവർത്തന ചെലവായി വിനിയോഗിക്കുന്നുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- ഓരോ കുടിവെള്ള പദ്ധതിക്കു കീഴിലും ഉള്ള ഗുണഭോക്താക്കളുടെ കൃത്യമായ കണക്ക് തയ്യാറാക്കി കുടിശ്ശിക വരുത്തിയവരിൽ നിന്നും പിഴ ഉൾപ്പെടെയുള്ള തുക ഈടാക്കേണ്ടതാണ്. കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

- വെള്ളക്കരമായി ഈടാക്കുന്ന തുക നാമമാത്രമായതിനാൽ ആയത് കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും അധിക ബാധ്യത ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. കൃത്യമായ നിബന്ധനകൾ ഉൾപ്പെടുത്തി ഒരു നിയമാവലി അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തേണ്ടതും ആയതനുസരിച്ച്

തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. സർവ്വെ ഉൾപ്പെടെയുള്ള നടപടികളിലൂടെ നിലവിലുള്ള എല്ലാ കണക്ഷനുകളും പരിശോധിച്ച് അനധികൃത കണക്ഷനുകൾ കണ്ടെത്തി ക്രമീകരിക്കേണ്ടതാണ്.

സർക്കാർ ഉത്തരവ് (സാധാ.) 1275 /2009 / ത.സ്വ.ഭ.വ തീയ്യതി 30.05.2009 പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ ഗുണഭോക്തൃസമിതി രൂപീകരിച്ച് ഏല്പ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ഗുണഭോക്തൃസമിതി രൂപീകരിച്ച് കുടിവെള്ള പദ്ധതിയുടെ ആസ്തി-ബാധ്യതകൾ നിർണ്ണയിച്ച് ഗുണഭോക്തൃസമിതിയെയോ ജലനിധിയെയോ ഏൽപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

- ഫിൽറ്റർ പ്ലാന്റ് നിലവിലുണ്ടെങ്കിലും ജലശുദ്ധീകരണം കാര്യക്ഷമമല്ല. ശുദ്ധീകരണപ്ലാന്റ് പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതും കൃത്യമായ ഇടവേളകളിൽ ജലം പരിശോധിച്ച് ശുദ്ധജലമാണ് എന്ന് ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | തുക | ലഭിച്ച | പ്രൊജക്ടിന്റെ | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| നൽകിയ സ്ഥാപനം | ലഭിച്ച വർഷം | തുക | പേര് | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 191250 | 83/18-ഉഴവ്കൂലി | 191250 | 0 |
| | | 258950 | 110/18 -സ്കോളർഷിപ്പ് | 258950 | 0 |
| | | 323000 | ഒ.ഡി.എഫ് | 160700 | 162300 |
| ജില്ലാപഞ്ചായത്ത് | | 500000 | 110/18 -സ്കോളർഷിപ്പ് | 500000 | |
| | | 100000 | 271/18 – പാൽ സബ്സിഡി | 100000 | |

ഒ.ഡി.എഫ് ചെലവ് തുക വാർഷികകണക്കിൽ സംയുക്ത പ്രൊജക്റ്റിന്റെ ചെലവ് ഹെഡിൽ ചേർത്തിട്ടില്ല. അതിനാൽ ബാലൻസ് ഷീറ്റിലെ നീക്കിയിരുപ്പ് വ്യത്യസ്തമാണ്.

## 4-2 ഡെപ്പോസിറ്റ് പ്രവർത്തികൾ

| പ്രോജക്ട് നമ്പരും പേരും | അടങ്കൽ | | ചെലവ് തുക | നിർവ്വഹണ എജൻസി. | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| 71/18-സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 13,00,000 | 15/27.9.17 | 299980 | അസി.എക്സി. എഞ്ചിനീയർ, കെ.എസ്. ഇ.ബി | 29980 രൂപയുടെ വിനിയോഗ വിവരം മാത്രമാണ് ലഭ്യമായത്. |
| | | 16/27.9.17 | 999920 | | |
| | | | 1299900 | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് ഗുണഭോക്തൃ സമിതികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ലോൺ | 1168/2010 /30.3.2010 | 17053750 | 7634250 | 1811875<br>2198625 | --- | 3623750 |

നോട്ട്- 2016-17 ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 31.3.17ലെ ലോൺ തിരിച്ചടവ് തുക ₹.7379250/- ആണ്. എന്നാൽ പഞ്ചായത്തിൽ നിന്നും ലഭ്യമായ കണക്ക് പ്രകാരം യഥാർത്ഥ തുക ₹.7634250/- ആണ്.

₹.5822375/- ജി.ഒ.നം.1514/18 തിയതി, 27.2.18 പ്രകാരം വികസന ഫണ്ട് (ജനറൽ) മൂന്നാം ഗഡുവിൽ നിന്ന് നേരിട്ട് പിടിച്ചിട്ടുണ്ട്. ടി തുക വാർഷിക ധനകാര്യ പത്രികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഒന്നുമില്ല.

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹65589995.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹67384660.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ---- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ 368321.00 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ 812649.00 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-7 | | 64302 | സിനി അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-8 | | 151284 | സിനി അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-11 | | 16800 | മധു.സി.ആർ, സെക്രട്ടറി |
| 3-15 | | 12105 | ആദർശ് എബ്രഹാം, വി.ഇ.ഒ. |
| 3-19 | | 57330 | മധു.സി.ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-20 | | 50000 | മധു.സി.ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-21 | | 16500 | മധു.സി.ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | | 368321 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 37800 | മധു.സി.ആർ, സെക്രട്ടറി ഇൻ ചാർജ്ജ് |

| | | |
|---|---|---|
| 3-6 | 101484 | മധു.സി.ആർ,<br>സെക്രട്ടറി ഇൻ ചാർജ് |
| 3-12 | 300000 | മധു.സി.ആർ,<br>സെക്രട്ടറി ഇൻ ചാർജ് |
| 3-13 | 5300 | ഡോ.പ്രീതി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-14 | 43200 | രാജഗോപാലൻ.എ., എച്ച്.എം. |
| 3-16 | 74865 | സന്തോഷ്കുമാർ, കെ.വി., വി.ഇ.ഒ. |
| 3-17 | 100000 | 50000-സന്തോഷ്കുമാർ, കെ.വി., വി.ഇ.ഒ<br>50000- ആദർശ് എബ്രഹാം, വി.ഇ.ഒ. |
| 3-23 | 150000 | മധു.സി.ആർ,<br>അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 812649 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-12 | 5000 | മധു.സി.ആർ,<br>സെക്രട്ടറി ഇൻ ചാർജ് |

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

| | |
|---|---|
| ഖണ്ഡിക നമ്പർ | 3-15, 3-16 |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| മധു.സി.ആർ, സെക്രട്ടറി/അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി ഇൻചാർജ്, കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത് | TC No.26/853,<br>തൈക്കാട് (പി.ഒ.)<br>തിരുവനന്തപുരം-14 |
| ഡോ.പ്രീതി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., കുമരംപുത്തൂർ ഗ്രാമപഞ്ചായത്ത് | കടമ്പടിപ്പുര, ഹൗസ്, പള്ളിക്കുന്ന് പി.ഓ., മണ്ണാർക്കാട് പിൻ-678 583 |
| സന്തോഷ്കുമാർ, കെ.വി., വി.ഇ.ഒ. | ജി.ഇ.ഒ., പരപ്പനങ്ങാടി ബ്ലോക്ക് പഞ്ചായത്ത് | കാവിൽ പടിഞ്ഞാറേടത്ത് മന,<br>ഹിൽവ്യൂ നഗർ, 2nd സ്ട്രീറ്റ്, പെരിമ്പടാരി പിൻ-678 762 |
| ആദർശ് എബ്രഹാം, വി.ഇ.ഒ | ഇ.ഇ.ഒ., ചൊവ്വന്നൂർ ബ്ലോക്ക് പഞ്ചായത്ത് | ചെമ്പോണ്ടയിൽ ഹൗസ്, വാഴേമ്പുറം, കാരാക്കുറുശ്ശി പിൻ-678 595 |
| രാജഗോപാലൻ.എ., എച്ച്.എം | വിരമിച്ചു | അരിമ്പ്രത്തൊടി ഹൗസ്, എടത്തനാട്ടുകര, ചളവ |
| സിനി.ബി.എസ്. അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, മടവൂർ, കിളിമാനൂർ ബ്ലോക്ക്, തിരുവനന്തപുരം | പൂരം,<br>പെരുങ്കുഴി (പി.ഒ)<br>തിരുവനന്തപുരം<br>പിൻ- 695 305 |

## **4-10** <u>തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡികകൾ |
|---|---|---|
| 1996-97 | LFP10-170/99/24.9.09 | മുഴുവനും |
| 1997-98 | LFP10-420/99/09.02.2001 | -do- |
| 1998-99 | LFP 8653/01/7-12-2001 | -do- |
| 1999-00 | LFP 886(1)/14/17-11-2014 | -do- |
| 2000-01 | LFP 886(2)/14/15-11-2014 | -do- |
| 2001-02 | LFP 8-86(3)/14/7-10-14 | -do- |
| 2002-03 | LFP 886(4)/14/9-10-14 | -do- |
| 2003-04 | LFP 886(5)/14/9-10-14 | -do- |
| 2004-05 | LFP 886(6)/14/20-2-14 | -do- |
| 2005-06 | LFP 886(7)/14/14-2-14 | -do- |

| | | |
|---|---|---|
| 2006-07 | LFP 886(8)/14/20-2-14 | -do- |
| 2007-08 | LFP 886(9)14/ 14-2-14 | -do- |
| 2008-09 | LF P 13-77/13/ 19-2-201319.10.2017. | -do- |
| 2009-10 | LF P 13-77/13/ 19-2-2013 | -do- |
| 2010-11 | LFP 13-77/13/ 19-2-2013 | -do- |
| 2011-12 | LFP 13/2025/14/4-3-2015 | -do- |
| 2012-13 | LFP 13/883/15/20-8-2015 | -do- |
| 2013-14<br>2014-15 | KSA-PKD13/1389/16 | -do- |
| 2015-16 | KSA-PKD-9/152/2017 dt. 31.1.2017 | Do |
| 2016-17 | കെഎസ്എ പികെഡി 9-1687/2017 dt.19.10.2017 | -do- |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്.

# അനുബന്ധം -1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/ 2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കുമരംപുത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്.

ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1) വാർഷിക ധനകാര്യ പത്രികയിലെ നികുതി വരവുകളുമായി പഞ്ചായത്തിലെ DCBരജിസ്റ്റർ പ്രകാരമുള്ള താഴെ പറയുന്ന വരുവുകൾ പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല :

a) കെട്ടിട വാടക b) വസ്തു നികുതി.

2) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

3) തൻവർഷ കുടിശ്ശിക തുകകൾക്ക് "Income & Expenditure Account" ൽ തൻവർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

4)ആസ്തികൾക്ക് "Income & Expenditure Account" ൽ തൻവർഷത്തേക്കുള്ള ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടില്ല.

5) "Deposit work" കൾക്ക് വേണ്ടി നിർവ്വഹണ ഏജൻസികൾക്ക് നല്കുന്ന തുകകൾ "Advance to implementing agencies" (RP-47) എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം -2

## പത്രികകൾ

| Kumaramputhur Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2017 to 31-March-2018 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |

| | | | |
|---|---|---|---|
| Bank | Bank | RP-40(a) | 8799596.00 |
| Cash | Cash | RP-40(a) | 44050.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 1263370.00 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 814410.00 |
| 150000000 | Sale & Hire Charges | RP-5 | 94300.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 49867528.00 |
| 171000000 | Interest Earned | RP-9 | 161286.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6681157.00 |
| 350000000 | Other Liabilities | RP-36 | 94684.00 |
| | Non Operating | | |
| 340000000 | Deposits Received | RP-34 | 165450.00 |
| 350000000 | Other Liabilities | RP-36 | 236876.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 6183934.00 |
| 460000000 | Loans, Advances and Deposits | RP-47 | 27000.00 |
| 470000000 | Other Assets | RP-49 | 0.0 |
| | Grand total | | 74433641.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4508079.00 |
| 220000000 | Administrative Expenses | RP-12 | 1444895.00 |
| 230000000 | Operations & Maintenance | RP-13 | 3063417.00 |

| | | | |
|---|---|---|---|
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 4684724.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 19272001.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 387000.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 999150.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 239210.00 |
| 255000000 | Maintenance Projects | RP-20 | 10967629.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 2000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1759320.00 |
| 350000000 | Other Liabilities | RP-36 | 4165696.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 797.00 |
| 330000000 | Secured Loans | RP-32 | 1811875.00 |
| 340000000 | Deposits Received | RP-34 | 140500.00 |
| 350000000 | Other Liabilities | RP-36 | 1336891.00 |
| 410000000 | Fixed Assets | RP-38 | 3152328.00 |
| 412000000 | Capital work in Progress | RP-40 | 3660249.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 5006799.00 |
| 460000000 | Loans, Advances and Deposits | RP-47 | 782100.00 |
| | Closing Balance | | |

| | | | |
|---|---|---|---|
| Bank | Bank | RP-40(b) | 7048981.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 74433641.00 |

Kumaramputhur Grama Panchayat

INCOME & EXPENDITURE STATEMENT

For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 5182486.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 294396.00 |
| 140000000 | Fee & User Charges | I-4(b) | 3634905.00 |
| 150000000 | Sale & Hire Charges | I-5(b) | 94300.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / | I-6 | 80315478.00 |
| | Subsidies | | |
| 171000000 | Interest Earned | I-8 | 155365.00 |
| | Total Income | | 89676930.00 |

| | | | |
|---|---|---|---|
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9829757.00 |
| 220000000 | Administrative Expenses | I-11(b) | 1444895.00 |
| 230000000 | Operations & Maintenance | I-12(b) | 3063417.00 |
| 240000000 | Interest & Finance Charges | I-13 | 797.00 |
| 250000000 | Decentralised Plan Programme-Productive Sector / | I-14 | 8833118.00 |
| | Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 34330417.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 645879.00 |
| 253000000 | Decentralised Plan Programme-Projects not included in | I-14(c) | 999150.00 |
| | Sector Division | | |
| 254000000 | Expenditures of Transfered Institutions and State Sponsored | I-14(d) | 14693310.00 |
| | Schemes (not included under Decentralized Plan Programme) | | |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | I-14(e) | 10967629.00 |
| 260000000 | Grants, Contributions & Compensation from Own Fund / | I-15 | 2000.00 |
| | Subsidies | | |
| | Total Expenditure | | 84810369.00 |
| | Gross Surplus/ Deficit of income over Expenditure | | 4866561.00 |
| 280000000 | Prior Period Item | I-18 | -1603763.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 6470324.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

Kumaramputhur Grama Panchayat

BALANCE SHEET

For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 30916705.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or | B-2 | 0.0 |

| | | | |
|---|---|---|---|
| | Agency Fund | | |
| 312000000 | Reserves | B-3 | 36571097.00 |
| | Total Reserve & Surplus | | 67487802.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 2285763.00 |
| | Total Grants, Contributions for Specific Purposes | | 2285763.00 |
| Loans | | | |
| 330000000 | Secured Loans | B-5 | 3623750.00 |
| | Total Loans | | 3623750.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 398976.00 |
| 350000000 | Other Liabilities | B-9 | 675206.00 |
| | Total Current Liabilities and Provisions | | 1074182.00 |
| | TOTAL LIABILITIES | | 74471497.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 54819413.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 54819413.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | B-15 | 8855303.00 |
| 440000000 | Pre-paid Expenses | B-16 | 3623750.00 |
| 450000000 | Cash and Bank Balance | B-17 | 7048981.00 |
| 460000000 | Loand, Advances and Deposits | B-18 | 124050.00 |
| | Total Current Assets, Loans and Advances | | 19652084.00 |
| Other Assets | | | |
| 470000000 | Other Assets | B-19 | 0.0 |
| | Total Other Assets | | 0.0 |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 74471497.00 |

ഡെപ്യൂട്ടി ഡയറക്ടർ